22
2026
ജൂലൈ
ബുധൻ
കർക്കിടകം

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 144 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-144 | പേജ് 4. വില 2.00 രൂപ




02 ▶ പ്രധാനമന്ത്രിയുടെ വസതിക്കുമുന്നിൽ പ്രതിഷേധം; വി.ഡി സതീശനും പങ്കെടുത്തു
03 ▶ ഹോർമുസിൽ ഇറാന്റെ മിസൈലാക്രമണം; എണ്ണക്കപ്പലിന് തീപിടിച്ചു
04 ▶ വിഴിഞ്ഞത്തെ പ്ലാസ്റ്റിക് മാലിന്യനീക്കം മുടങ്ങി

## വിഴിഞ്ഞം തുറമുഖത്ത്
# ഓഗസ്റ്റ് 18 മുതൽ സമ്പൂർണ എക്സിം പ്രവർത്തനങ്ങൾ



### സിക്കിം തുരങ്ക ദുരന്തം; മരണം എട്ടായി, കോട്ടയം സ്വദേശിക്കായി തെരച്ചിൽ തുടരുന്നു

ഗാംഗ്ടോക്: സിക്കിമിൽ തുരങ്ക നിർമാണത്തിനിടെയുണ്ടായ വൻ മണ്ണിടിച്ചിലിൽ കാണാതായ കോട്ടയം സ്വദേശി അനീഷ് മോഹൻ ഉൾപ്പടെയുള്ളവർക്കായി രക്ഷാപ്രവർത്തനം ഊർജിതമാക്കി. അപകടത്തിൽ എട്ടുപേർ മരിച്ചതായി സ്ഥിരീകരിച്ചു. എൻഎച്ച്പിസി സീനിയർ മാനേജരായ അനീഷ് മോഹൻ അറിയപ്പെടുന്ന സയൻസ് വ്ലോഗറും ശാസ്ത്രലേഖകനുമാണ്.

നാംചി ജില്ലയിലെ സമർദുംഗിൽ തിങ്കളാഴ്ച ഉച്ചകഴിഞ്ഞാണ് തുരങ്കത്തിൻറെ പ്രവേശന കവാടം പൂർണമായും തടസപ്പെടുത്തി വൻ മണ്ണിടിച്ചിലുണ്ടായത്. ഈ സമയം നിരവധി തൊഴിലാളികൾ തുരങ്കത്തിനുള്ളിൽ ജോലിയേർപ്പെട്ടിരിക്കുകയായിരുന്നു. കവാടം പൂർണമായി മൂടിയതും അതിനുപിന്നാലെ മീഥെയ്ൻ വാതക ചോർച്ചയും ദൗത്യസംഘത്തിന് വലിയ ഭീഷണിയാകുന്നുണ്ട്. എൻഡിആർഎഫ്, എസ്ഡിആർഎഫ്, സിക്കിം പോലീസ്, അഗ്നിശമന സേന എന്നിവരുടെ നേതൃത്വത്തിലാണ് നിലവിൽ സംയുക്ത രക്ഷാപ്രവർത്തനം നടക്കുന്നത്. അപകടത്തിൽ മരിച്ച എട്ടുപേരുടെ മൃതദേഹങ്ങൾ നാംചി, സിംഗ്തം, ഗാംഗ്ടോക് എന്നിവിടങ്ങളിലെ വിവിധ ആശുപത്രിയിലേക്ക് മാറ്റി.

ദുരന്തസമയത്ത് തുരങ്കത്തിനുള്ളിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നുവെന്ന കാര്യത്തിൽ ഇപ്പോഴും കൃത്യമായ കണക്കുകൾ ലഭ്യമല്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു. തുരങ്കത്തിനുള്ളിലെ മങ്ങിയ കാഴ്ചപരിധിയും ഇടുങ്ങിയ സാഹചര്യവും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാകുന്നുണ്ടെങ്കിലും സാധ്യമായ എല്ലാ വഴികളിലൂടെയും ഉള്ളിലേക്ക് കടക്കാനുള്ള ശ്രമത്തിലാണ് ദൗത്യസംഘം.

## നൂറുദിന കർമ പരിപാടി: 'സമഗ്ര 2026' നാളെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
### 15,000 ഗുണഭോക്താക്കൾക്ക് 100 കോടിയിലധികം രൂപയുടെ വായ്പാ വിതരണം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (ഗടആഇഉഇ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനമായ 'സമഗ്ര 2026' ജൂലൈ 23-ന് കൊച്ചി പള്ളുരുത്തി എസ്.എൻ. ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്യുമെന്ന് പട്ടികജാതി, പട്ടികവർഗ-പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ. എ. തുളസി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പട്ടികജാതി, പട്ടികവർഗ-പിന്നാക്ക ക്ഷേമ വകുപ്പുകളുടെ നൂറുദിന കർമ്മപരിപാടിയിൽ ആകെ 31 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മൂന്ന് പദ്ധതികൾ നടപ്പാക്കും.

വിവിധ സർക്കാർ വകുപ്പുകൾ, വികസന ഏജൻസികൾ, ധനകാര്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ മേഖല, സാമൂഹിക സംഘടനകൾ എന്നിവയെ ഒരേ വേദിയിൽ അണിനിരത്തുന്ന വികസന സംരംഭമാണ് 'സമഗ്ര 2026'. പദ്ധതിയിലൂടെ 100 ദിവസത്തിനകം 16,000 ഗുണഭോക്താക്കൾക്ക് 200 കോടി രൂപയുടെ വായ്പാ ധനസഹായം ലഭ്യമാക്കും. ചടങ്ങിൽ വിപണിയിലെ മാറ്റങ്ങൾക്കും ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായി രൂപകൽപ്പന ചെയ്ത പുതിയ ക്ഷേമ വായ്പാപദ്ധതികളും പ്രഖ്യാപിക്കും.

വനിതാ ശാക്തീകരണത്തിനായി പലിശരഹിത സൂക്ഷ്മ-ചെറുകിട സംരംഭ വായ്പയായ 'പ്രിയദർശിനി' പദ്ധതിയും, സർവീസിൽ നിന്ന് വിരമിച്ചവർക്കായുള്ള 'സീനിയർ സെക്യുർ' വായ്പാ പദ്ധതിയും ചടങ്ങിൽ പ്രഖ്യാപിക്കും. ഈ പദ്ധതികൾ നൂറുദിവസത്തിനകം ആരംഭിക്കും.

മന്ത്രി കെ. എ. തുളസി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ അനൂപ് ജേക്കബ്, റോജി എം. ജോൺ, വി. ഇ. അബ്ദുൾ ഗഫൂർ, എം.പിമാരായ ഹൈബി ഈഡൻ, ജെബി മേത്തർ, ബെന്നി ബെഹനാൻ, ഡീൻ കുര്യാക്കോസ്, ഫ്രാൻസിസ് ജോർജ്, കൊച്ചി മേയർ അഡ്വ. വി. കെ. മിനിമോൾ, എം.എൽ.എമാരായ അൻവർ സാദത്ത്, ദീപക് ജോയ്, മുഹമ്മദ് ഷിയാസ്, മനോജ് മൂത്തേടൻ, അഡ്വ. മാത്യു കുഴൽനാടൻ, വി. പി. സജീന്ദ്രൻ, ഷിബു തെക്കുംപുറം, ടോണി ചമ്മണി, ഉമാ തോമസ്, ടി. ജെ. വിനോദ് എന്നിവർ പങ്കെടുക്കും.

വായ്പാ വിതരണത്തിനൊപ്പം ബോധവത്കരണ ക്ലാസുകൾ, വിവിധ സർക്കാർ സേവനങ്ങളെ പരിചയപ്പെടുത്തുന്ന ഇൻഫർമേഷൻ കിയോസ്കുകൾ, പ്രദർശനങ്ങൾ എന്നിവയും സംഘടിപ്പിക്കും. രാവിലെ 9 മുതൽ രാത്രി 8 വരെ നടക്കുന്ന പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

കേരളത്തിലുടനീളമുള്ള 50-ലധികം കുടുംബശ്രീ സി.ഡി.എസുകളിലും എൻ.ജി.ഒകളിലും ഉൾപ്പെട്ട 15,000-ത്തിലധികം ഗുണഭോക്താക്കൾക്കായി 100 കോടിയിലധികം രൂപയുടെ വായ്പ വിതരണം ചെയ്യും.

## എൽഡിഎഫ് അവിശ്വാസം പാസായി; ദിയ ബിനു പുറത്ത്



പാലാ : പാലായിൽ നഗരസഭാധ്യക്ഷ ദിയ ബിനുവിന് എതിരെ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായതോടെ യുഡിഎഫിന് ഭരണം നഷ്ടമായി. എതിരില്ലാത്ത 17 വോട്ടിനാണ് പ്രമേയം പാസായത്. എൽഡിഎഫിലെ 12 പേർക്കു പുറമെ കോൺഗ്രസിലെ 4 അംഗങ്ങളും ഉപാധ്യക്ഷ മായാ രാഹുലും പ്രമേയത്തെ പിന്തുണച്ചു. രാവിലെ 11നാണ് കൗൺസിൽ യോഗം ചേർന്നത്.

ചർച്ചയിൽനിന്നു വിട്ടുനിൽക്കണമെന്നാണു യുഡിഎഫ് അറിയിച്ചിരുന്നതെങ്കിലും വിപ്പ് ലംഘിച്ച് 4 കോൺഗ്രസ് കൗൺസിലർമാർ യോഗത്തിനെത്തി. ലിസി കുട്ടി മാത്യു, ബിജു മാത്യൂസ്, ടോണി തൈപ്പറമ്പിൽ, രജിത പ്രകാശ് എന്നിവരാണ് വിപ്പ് ലംഘിച്ച് എത്തിയത്. കോൺഗ്രസ് വിമതയായി ജയിച്ച ഉപാധ്യക്ഷ മായാ രാഹുലും കൗൺസിലിന് എത്തി. ഇതോടെ അവിശ്വാസ പ്രമേയം പാസാകുമെന്ന് ഏറക്കുറെ ഉറപ്പായിരുന്നു. 26 അംഗ കൗൺസിലിൽ 14 പേരുടെ പിന്തുണയാണ് അവിശ്വാസം പാസാകാൻ വേണ്ടിയിരുന്നത്. 12 പേരാണ് എൽഡിഎഫിലുള്ളത്. റിയ ചീരാംകുഴി,സെബാസ്റ്റ്യൻ പനക്കൽ എന്നീ കോൺഗ്രസ് കൗൺസിലർമാർ ഹാജരായില്ല. കേരള കോൺഗ്രസിന്റെ മൂന്ന് അംഗങ്ങളായ സോണിയ ചിറ്റേട്ട്, ബിജു വരിക്കാനി, സിജി ടോണി എന്നിവരും മാണി.സി. കാപ്പന്റെ പാർട്ടിയായ കെഡിപിയിലെ പ്രിൻസി സണ്ണിയും യോഗത്തിൽ ഹാജരായില്ല.

രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ നഗരസഭാധ്യക്ഷ എന്ന ഖ്യാതിയോടെയാണ് ദിയ ബിനു പുളിക്കക്കണ്ടം അധികാരത്തിലെത്തിയത്. ദിയ ബിനുവിനെ പിന്തുണയ്ക്കുന്നതിൽ ഭൂരിഭാഗം കോൺഗ്രസ് കൗൺ!സിലർമാരും വിയോജിച്ചിരുന്നു. കോൺഗ്രസിലെ സെബാസ്റ്റ്യൻ പനയ്ക്കൽ മാത്രമാണ് ആദ്യം മുതൽ നേതൃത്വത്തിന്റെ നിലപാടിനൊപ്പം നിൽക്കുന്നത്. കെപിസിസി ജനറൽ സെക്രട്ടറിമാരായ ടോമി കല്ലാനി, ഫിലിപ് ജോസഫ്, ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷ് എംഎൽഎ, വൈസ് പ്രസിഡന്റ് ബിജു പുന്നത്താനം എന്നിവരുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം കോൺഗ്രസ് കൗൺസിലർമാരുമായി നടത്തിയ ചർച്ച നടത്തിയെങ്കിലും തീരുമാനമാകാതെ പിരിഞ്ഞിരുന്നു.

## ഡോ. റാമിന് ജാമ്യം ലഭിച്ചതിൽ ആഭ്യന്തര വകുപ്പിന് അതൃപ്തി; രമേശ് ചെന്നിത്തല റിപ്പോർട്ട് തേടി

കണ്ണൂർ: ബിഡിഎസ് വിദ്യാർഥി നിതിൻ രാജിൻറെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡോ.റാമിന് ജാമ്യം ലഭിച്ചതിൽ ആഭ്യന്തര വകുപ്പിന് അതൃപ്തി. പോലീസിൻറെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായെന്ന ആരോപണത്തിനു പിന്നാലെ മന്ത്രി രമേശ് ചെന്നിത്തല ഡിജിപിയോട് അടിയന്തര റിപ്പോർട്ട് തേടി.

സംഭവത്തിൽ എന്താണ് സംഭവിച്ചതെന്ന് അന്വേഷിക്കാൻ ഉത്തരമേഖലാ ഐജിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. അന്വേഷണത്തിൽ പോലീസിന് ജാഗ്രതക്കുറവ് ഉണ്ടായിട്ടില്ലെന്ന് ആഭ്യന്തര മന്ത്രി വ്യക്തമാക്കിയെങ്കിലും ക്രൈംബ്രാഞ്ച് മേധാവിയോട് വിശദീകരണം തേടാൻ തീരുമാനിച്ചു.

അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ചില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് തലശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ഡോ. റാമിന് ജാമ്യം അനുവദിച്ചത്. അറസ്റ്റിൻറെ കാരണം രേഖാമൂലം പ്രതിയെ അറിയിച്ചില്ലെന്നും വിവരങ്ങൾ പബ്ലിക് പ്രോസിക്യൂട്ടറെ അറിയിക്കാൻ വൈകിയതുമാണ് വീഴ്ചയായത്.

എന്നാൽ, കോടതി വിട്ടയച്ചതിന് തൊട്ടുപിന്നാലെ ഡോ. റാമിനെ കോടതി വളപ്പിൽ നിന്ന് ബലം പ്രയോഗിച്ച് ക്രൈംബ്രാഞ്ച് വീണ്ടും കസ്റ്റഡിയിലെടുത്തു. ക്രൈംബ്രാഞ്ചിന്റെ ഈ നടപടി പൂർണ്ണമായും നിയമവിരുദ്ധമാണെന്ന് പ്രതിഭാഗം അഭിഭാഷകൻ എം. കിഷോർ കുമാർ പറഞ്ഞു.

## സർവ്വീസ് ചാർജ് ഈടാക്കിയ 41 ഹോട്ടലുകൾക്കെതിരെ കനത്ത പിഴ

ഭക്ഷണ ബില്ലിൽ ഉപഭോക്താക്കളുടെ സമ്മതമില്ലാതെ 'സർവീസ് ചാർജ്' കൂടി ഉൾപ്പെടുത്തിയ 41 റസ്റ്ററന്റുകൾക്കെതിരെ നടപടി. ദേശീയ ഉപഭോക്തൃ ഹെൽപ്ലൈനിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിയാണ് നടപടിയെടുത്തത്. പ്രമുഖ റസ്റ്ററന്റ് ശൃംഖലയ്ക്ക് 50,000 രൂപ പിഴ ചുമത്തി. പരാതിക്കാരനിൽ നിന്ന് ഈടാക്കിയ തുക തിരികെ നൽകാനും സർവീസ് ചാർജ് ഒഴിവാക്കി ബില്ലിങ് സോഫ്റ്റ്വെയറിൽ മാറ്റം വരുത്താനും അതോറിറ്റി നിർദേശിച്ചു.

ദേശീയ ഉപഭോക്തൃ ഹെൽപ്ലൈനിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിയാണ് നടപടിയെടുത്തത്. പ്രമുഖ റസ്റ്ററന്റ് ശൃംഖലയ്ക്ക് 50,000 രൂപ പിഴ ചുമത്തി. പരാതിക്കാരനിൽ നിന്ന് ഈടാക്കിയ തുക തിരികെ നൽകാനും സർവീസ് ചാർജ് ഒഴിവാക്കി ബില്ലിങ് സോഫ്റ്റ്വെയറിൽ മാറ്റം വരുത്താനും അതോറിറ്റി നിർദേശിച്ചു.

ഇത്തരം നടപടികൾ 2019ലെ ഉപഭോക്തൃ നിയമത്തിലെ വ്യവസ്ഥകളുടെയും ഡൽഹി ഹൈക്കോടതിയുടെ 2025 മാർച്ചിലെ ഉത്തരവിനും എതിരാണെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ഭക്ഷണ ബില്ലിൽ റസ്റ്ററന്റുകൾക്ക് സർവീസ് ചാർജ് കൂട്ടിച്ചേർക്കാൻ കഴിയില്ലെന്നും അതിന് ഉപഭോക്താക്കളെ നിർബന്ധിക്കരുതെന്നുമായിരുന്നു കോടതി വിധി. മറ്റു പേരുകളിൽ സർവീസ് ചാർജ് ഈടാക്കുന്നതും തെറ്റാണെന്ന് മന്ത്രാലയം വ്യക്തമാക്കി.

ഭക്ഷണ ബില്ലിൽ സർവീസ് ചാർജ് ഈടാക്കിയതായി ശ്രദ്ധയിൽ പെട്ടാൽ ഇത് ഒഴിവാക്കാൻ ഉപഭോക്താവിന് ആവശ്യപ്പെടാം. മിക്ക സാഹചര്യങ്ങളിലും ഇതോടെ പ്രശ്നങ്ങൾ ഒഴിവാകും. എന്നാൽ ഉപഭോക്താവ് ആവശ്യപ്പെട്ടിട്ടും റസ്റ്ററന്റുകൾ സർവീസ് ചാർജ് നീക്കാൻ തയാറായില്ലെങ്കിൽ തെളിവ് സഹിതം പരാതി നൽകാം. ദേശീയ ഉപഭോക്തൃ ഹെൽപ് ലൈനായ 1915ൽ വിളിച്ചോ വെബ്സൈറ്റ് വഴിയോ ആണ് പരാതിപ്പെടേണ്ടത്. പരാതികളിൽ അന്വേഷണം നടത്തി അടിയന്തരമായി കുറ്റക്കാരെ കണ്ടെത്തുമെന്നും കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രാലയം പറഞ്ഞു.



# പ്രധാനമന്ത്രിയുടെ വസതിക്കുമുന്നിൽ രാഹുലിന്റെ നേതൃത്വത്തിൽ പ്രതിഷേധം; വി.ഡി സതീശനും പങ്കെടുക്കുന്നു



ന്യൂഡൽഹി: സിജെപി പ്രതിഷേധത്തിനു നേർക്ക് ഡൽഹി പോലീസ് നടത്തിയ ലാത്തിച്ചാർജിൽ പ്രതിഷേധിച്ച് പ്രധാനമന്ത്രിയുടെ വസതിക്ക് മുൻപിൽ അപ്രതീക്ഷിത പ്രതിഷേധവുമായി പ്രതിപക്ഷം. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പ്രിയങ്ക ഗാന്ധി, കെ.സി. വേണുഗോപാൽ, കേരള മുഖ്യമന്ത്രി വി.ഡി സതീശൻ എന്നിവർ അടക്കമുള്ള മുതിർന്ന നേതാക്കൾ പ്രതിഷേധത്തിൽ പങ്കെടുക്കുന്നുണ്ട്.

കഴിഞ്ഞ ദിവസം സി.ജെ.പി. നടത്തിയ പ്രതിഷേധം സംഘർഷത്തിൽ കലാശിച്ചിരുന്നു. ഇതിന് കാരണക്കാരായ പ്രധാനമന്ത്രിയും വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാനും രാജിവെക്കണമെന്നാണ് കോൺഗ്രസിന്റെ ആവശ്യം.

കഴിഞ്ഞ ദിവസം സി.ജെ.പി. നടത്തിയ പ്രതിഷേധത്തിൽ വിദ്യാർഥികളടക്കം നിരവധി പേർക്ക് പരിക്കേറ്റിരുന്നു. ഇവരെ ആർ.എം.എൽ. ആശുപത്രിയിലെത്തി രാഹുൽ ഗാന്ധി സന്ദർശിച്ചിരുന്നു. വിഷയം പാർലമെന്റിലും പ്രതിപക്ഷം ശക്തമായി ഉയർത്തി. ഇതിനു പിന്നാലെയാണ് ഇപ്പോൾ പ്രധാനമന്ത്രിയുടെ വസതിക്ക് മുൻപിൽ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് പ്രതിഷേധിക്കുന്നത്. കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറടക്കമുള്ള നേതാക്കളും പ്രതിഷേധത്തിൽ പങ്കെടുക്കുന്നുണ്ട്.

വൈകീട്ട് മൂന്നു മണിക്ക് എല്ലാ കോൺഗ്രസ് എം.പി.മാരോടും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ ഔദ്യോഗിക വസതിയിൽ എത്താൻ നേരത്തെ നിർദേശിച്ചിരുന്നു. പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായായിരുന്നു രാജ്യസഭയിലെയും ലോക്സഭയിലെയും എം.പി.മാരെ വസതിയിലേക്ക് ക്ഷണിച്ചത്. ഇവിടെ നിന്നാണ് അപ്രതീക്ഷിതമായി രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ എം.പി.മാർ പ്രതിഷേധം ആരംഭിച്ചത്. പ്രധാനമന്ത്രി സഞ്ചരിക്കുന്ന അതീവ സുരക്ഷാ പാതയിലാണ് എം.പി.മാർ ധർണയിരിക്കുന്നത്.

കേരളത്തിൽനിന്നുള്ള എംപിമാരുൾപ്പെടെയുള്ളവർ സമരത്തിൽ പങ്കെടുക്കുന്നുണ്ട്. കൊടിക്കുന്നിൽ സുരേഷ് ഉൾപ്പെടെയുള്ളവരെ പോലീസ് കസ്റ്റഡിയിൽ എടുത്തു. ബലം പ്രയോഗിച്ചാണ് എംപിമാരെ പോലീസ് നീക്കിയത്. പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. രാഹുൽ ഗാന്ധിയേയും പ്രിയങ്കാ ഗാന്ധിയേയും എംപിമാർ വളഞ്ഞ് നിൽക്കുകയാണ്.

# രക്ഷാപ്രവർത്തന കേസ് അട്ടിമറി: എം.ആർ. അജിത് കുമാർ ഇന്ന് ഡിജിപിക്ക് വിശദീകരണം നൽകും

തിരുവനന്തപുരം: ആലപ്പുഴയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് നേരെ മുൻ മുഖ്യമന്ത്രിയുടെ ഗൺമാന്മാർ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട കേസ് അട്ടിമറിച്ചെന്ന ആരോപണത്തിൽ, തനിക്കെതിരെയുള്ള കണ്ടെത്തലുകളിൽ എഡിജിപി എം.ആർ. അജിത് കുമാർ ഇന്ന് മറുപടി നൽകും. വൈകുന്നേരത്തോടെ ഡിജിപിക്ക് വിശദീകരണം നൽകുമെന്നാണ് അദ്ദേഹം അറിയിച്ചിട്ടുള്ളത്.

അജിത് കുമാറിൻറെ മറുപടി ലഭിച്ച ശേഷം, ഡിജിപി സ്വന്തം ശിപാർശ കൂടി കൂട്ടിച്ചേർത്ത് സർക്കാരിന് അന്തിമ റിപ്പോർട്ട് കൈമാറും. എം.ആർ. അജിത് കുമാറിൻറെ പ്രൊമോഷനുമായി ബന്ധപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി കൂടുന്നതിന് മുൻപ് തന്നെ ഡിജിപി സർക്കാരിന് റിപ്പോർട്ട് നൽകുമോ എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്.

കേസിൻറെ തുടരന്വേഷണ റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്ക് മുൻപാണ് പ്രത്യേക അന്വേഷണ സംഘം ഡിജിപിക്ക് കൈമാറിയത്. എന്നാൽ, ചില വിഷയങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ട് ഡിജിപി ഈ റിപ്പോർട്ട് തിരിച്ചയക്കുകയായിരുന്നു.

തുടർന്ന്, ചില രേഖകൾ തിരുത്താൻ എഡിജിപി എം.ആർ. അജിത് കുമാർ നിർദേശം നൽകിയതിൻറെ സ്ക്രീൻഷോട്ടുകൾ അടക്കം, അദ്ദേഹത്തിൻറെ പേര് എടുത്തുപറഞ്ഞുകൊണ്ട് എസ്ഐടി റിപ്പോർട്ട് പുനഃസമർപ്പിച്ചു. ഈ തെളിവുകളുടെ അടിസ്ഥാനത്തിലാണ് അജിത് കുമാറിനോട് ഡിജിപി മറുപടി ആവശ്യപ്പെട്ടത്. നിലവിൽ യാത്രയിലായതിനാൽ തലസ്ഥാനത്തില്ലെന്നും 21ാം തീയതി വിശദീകരണം നൽകുമെന്നുമാണ് അദ്ദേഹം മറുപടി നൽകിയിരുന്നത്.

# പൂട്ടു വീഴും; 15ൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധിക്കാനൊരുങ്ങി ഫ്രാൻസ്

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ അമിത ഉപയോഗം കൗമാരക്കാരുടെ മാനസികാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുവെന്ന ഫ്രഞ്ച് പബ്ലിക് ഹെൽത്ത് വകുപ്പിൻറെ ഗൗരവമേറിയ റിപ്പോർട്ടാണ് ശക്തമായ നടപടിയിലേക്ക് സർക്കാരിനെ നയിച്ചത്.

പാരീസ്: പതിനഞ്ചുവയസിൽ താഴെയുള്ള കുട്ടികൾ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ നിരോധനമേർപ്പെടുത്താനൊരുങ്ങി ഫ്രാൻസ്. ഇതുമായി ബന്ധപ്പെട്ട നിയമനിർമാണത്തിനൊരുങ്ങുകയാണ് ഫ്രഞ്ച് പാർലമെൻറ്. നിയമം പ്രാബല്യത്തിൽ വരുന്നതോടെ കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗം തടയുന്ന യൂറോപ്യൻ യൂണിയനിലെ ആദ്യ രാജ്യമായി ഫ്രാൻസ് മാറും. പാർലമെൻറിൻറെ ഇരുസഭകളും തമ്മിൽ ബില്ലിൻറെ കരടുരേഖയിൽ ഒരേ അഭിപ്രായത്തിലെത്തിയതോടെയാണ് ചരിത്രപരമായ നിയമനിർമാണത്തിനു വഴിയൊരുങ്ങുന്നത്.

കുട്ടികളെ സൈബർ ലോകത്തെ അപകടങ്ങളിൽ നിന്നു സംരക്ഷിക്കാനുള്ള നിയമനിർമാണം നടത്തുന്ന ആദ്യത്തെ യൂറോപ്യൻ രാജ്യമായി ഫ്രാൻസ് മാറുകയാണെന്ന് ഡിജിറ്റൽ അഫ!യേഴ്സ് മന്ത്രി ആനി ലെഹെനാൻഫ് വ്യക്തമാക്കി. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോണിൻറെ ഭരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട നയരൂപീകരണങ്ങളിൽ ഒന്നായാണ് ഇതിനെ വിലയിരുത്തുന്നത്. സെപ്റ്റംബറിൽ പുതിയ അധ്യയന വർഷം ആരംഭിക്കുന്നതോടെ സെക്കൻഡറി സ്കൂളുകളിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതിനുള്ള നിരോധനവും പൂർണമായി നിലവിൽ വരുമെന്നും ഹെനാൻഫ് കൂട്ടിച്ചേർത്തു.

രണ്ടു ഘട്ടങ്ങളായി നിയമം നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഒന്നാം ഘട്ടത്തിൽ, സെപ്റ്റംബർ ഒന്നു മുതൽ 15 വയസിൽ താഴെയുള്ള കുട്ടികൾ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ തുടങ്ങുന്നത് പൂർണമായും നിർത്തലാക്കും. നിലവിലെ അക്കൗണ്ടുകൾ നിരോധിക്കാനുള്ള നടപടികൾ, അടുത്തവർഷം ജനുവരി ഒന്നുമുതൽ ഘട്ടംഘട്ടമായി നടപ്പാക്കും. എന്നാൽ ഓൺലൈൻ എൻസൈക്ലോപീഡിയകൾ, വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾ എന്നിവയെ നിരോധനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

ടിക് ടോക്, ഇൻസ്റ്റഗ്രാം, സ്നാപ്ചാറ്റ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ അമിത ഉപയോഗം കൗമാരക്കാരുടെ മാനസികാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുവെന്ന ഫ്രഞ്ച് പബ്ലിക് ഹെൽത്ത് വകുപ്പിൻറെ ഗൗരവമേറിയ റിപ്പോർട്ടാണ് ശക്തമായ നടപടിയിലേക്ക് സർക്കാരിനെ നയിച്ചത്.

കുട്ടികളുടെ പ്രായം കൃത്യമായി പരിശോധിക്കുന്നതിനായി യൂറോപ്യൻ കമ്മീഷൻ സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയാണ്.

നിലവിൽ ഓസ്ട്രേലിയ ഉൾപ്പെടെയുള്ള ചില രാജ്യങ്ങൾ പതിനാറു വയസിൽ താഴെയുള്ള കുട്ടികൾ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതു നിയമപരമായി വിലക്കിയിട്ടുണ്ട്.

# പാളയം ബിജു വധക്കേസിൽ നിർണായക വഴിത്തിരിവ്; ബന്ധു കസ്റ്റഡിയിൽ

കോഴിക്കോട്: വീട്ടിൽ യുവാവിനെ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് തെളിഞ്ഞു. പുതിയ കോവിലകം പറമ്പ് നഗർ സ്വദേശി ബിജു (38) കൊല്ലപ്പെട്ട കേസിൽ ഇയാളുടെ ബന്ധുവായ 22കാരനെ പോലീസ് കസ്റ്റഡിയിലെടുത്തു.

മാങ്കാവ് കൊളങ്ങരപ്പീടിക സ്വദേശിയായ യുവാവാണ് പിടിയിലായത്. മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ച പ്രതിയെ മുൻപ് ബിജുവും ബന്ധുക്കളും ചേർന്ന് ബലമായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇതിലുണ്ടായ വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് പോലീസിൻറെ പ്രാഥമിക നിഗമനം.

പ്രതിയുടെ കൈയിലുണ്ടായിരുന്ന മുറിവും പ്രദേശത്തെ സിസിടിവി ദൃശ്യങ്ങളുമാണ് കേസിൽ നിർണായക തെളിവായത്. ബിജു കൊല്ലപ്പെട്ടതിന് പിന്നാലെ ഇയാളുടെ ഫോൺ, സ്കൂട്ടറിൻറെയും മുറിയുടെയും താക്കോലുകൾ എന്നിവ പ്രതി കൈക്കലാക്കിയിരുന്നു. ഞായറാഴ്ച ബിജുവിൻറെ മൃതദേഹം പാളയത്തെ തറവാട്ടു വീട്ടിലെത്തിച്ചപ്പോഴും പ്രതി അവിടെയെത്തിയിരുന്നതായി ബന്ധുക്കൾ പറഞ്ഞു.

ആ സമയത്ത് ഇയാളുടെ കൈകളിൽ മുറിവുകളുണ്ടായിരുന്നു. അതേസമയം സംഭവത്തിന് പിന്നിൽ ലഹരി സംഘങ്ങളാണെന്ന കുടുംബത്തിൻറെ ആരോപണം പോലീസ് നിലവിൽ മുഖവിലയ്ക്കെടുത്തിട്ടില്ല. ബിജു താമസിച്ചിരുന്ന വീടിന് സമീപത്തെ ആളൊഴിഞ്ഞ പറമ്പിലും നിർമാണത്തിലിരിക്കുന്ന കെട്ടിടത്തിലും തമ്പടിച്ചിരുന്ന ലഹരിസംഘങ്ങൾക്കെതിരെ ബിജു നിരന്തരം പ്രതികരിച്ചിരുന്നു.

ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ ഭാഗമായി ലഹരിസംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ബിജു കൈമാറിയിരുന്നതായും, ഇതിലുള്ള വൈരാഗ്യമാണ് കൊലപാതകത്തിന് കാരണമെന്നുമാണ് കുടുംബം ആരോപിക്കുന്നത്. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

# വലിയ വേദന, മുറിവുണങ്ങാൻ കാലമേറെ വേണ്ടി വരും

## ലോകകപ്പ് തോൽവിക്ക് പിന്നാലെ മെസി

ന്യൂയോർക്ക്: ലോകകപ്പ് ഫൈനലിൽ കിരീടം കൈവിട്ടതിൽ പ്രതികരിച്ച് അർജൻറീനയുടെ ക്യാപ്റ്റൻ ലയണൽ മെസി. വേദന ആഴമേറിയതാണെന്നും മുറിവുണങ്ങാൻ കാലമേറെ വേണ്ടി വരുമെന്നുമാണ് മെസി കുറിച്ചത്. ഇൻസ്റ്റഗ്രാമിലൂടെയായിരുന്നു താരത്തിൻറ പ്രതികരണം.

ഈ വേദന ആഴമേറിയതാണ്. ഈ മുറിവുണങ്ങാൻ കാലമേറെ വേണ്ടി വരും. കളിയുടെ ഗതി തിരിച്ചുവിട്ട് ജയിച്ചു കയറിയതും എല്ലാം അർപ്പിച്ച് കളിച്ച ടീമും എല്ലാം ഓർമയിൽ എക്കാലവുമുണ്ടാകും. ഈ രാജ്യം നൽകിയ പിന്തുണയും, ഈ ടീമിൻറെ കഠിനാധ്വാനവും പരിശ്രമവുമെല്ലാമാണ് ലോകത്തിലേക്കും ഏറ്റവും മികച്ചവരാക്കി ഞങ്ങളെ മാറ്റിയത്.

അതെല്ലാം നല്ല ഓർമകളായി ഒപ്പമുണ്ടാകും. ഞങ്ങളുടെ നേട്ടത്തെ അതിൻറെ പൂർണരീതിയിൽ അംഗീകരിക്കാൻ കഴിയുന്ന അവസ്ഥയിലല്ല ഇപ്പോൾ ഉള്ളത്. പക്ഷേ തുടർച്ചയായി രണ്ടാം ലോകകപ്പ് ഫൈനൽ വരെ എത്തിയ ടീമാണിതെന്ന് ആരും വിസ്മരിക്കേണ്ട.

എല്ലാ സ്നേഹത്തിനും എല്ലാ സന്ദേശങ്ങൾക്കും നന്ദി. അർജൻറൈൻ എന്ന അഭിമാനം ഞങ്ങൾ പങ്കുവയ്ക്കുന്നു. ചാംപ്യൻമാരായ സ്പെയിനും അഭിനന്ദനം എന്നും മെസിയുടെ കുറിപ്പിൽ പറയുന്നു.

നോക്കൗട്ട് പോരാട്ടങ്ങളിൽ അവിശ്വസനീയ ജയങ്ങളുമായി ഫൈനലിലെത്തിയ അർജൻറീനയ്ക്ക് പക്ഷേ കലാശപ്പോരിൽ പ്രതീക്ഷിച്ച പ്രകടനം പുറത്തെടുക്കാനായില്ല. പന്തടക്കത്തിലും ലക്ഷ്യത്തിലേക്ക് ഷോട്ടുകൾ പായിക്കുന്നതിലും ടീം പൂർണമായി പരാജയപ്പെട്ടു. മെസിയിലേയ്ക്ക് പന്തെത്തിയ നിമിഷങ്ങളും വളരെ അപൂർവമായിരുന്നു.

ഗ്രൗണ്ടിലെ അനാവശ്യമായ പരുക്കൻ കളിയിൽ തുടങ്ങിയ അർജൻറീനയുടെ വീഴ്ച അവസാന വിസിലിനു ശേഷം സ്പാനിഷ് താരങ്ങളെ ആക്രമിക്കുന്നതിലും മോശം പെരുമാറ്റത്തിലുമാണ് അവസാനിച്ചത്.

## 'അന്നം മുടക്കിയതല്ല, സ്ഥലം കൈയേറിയതിൽ ഇടപെട്ടതാണ്': മന്ത്രി കെ. മുരളീധരൻ

തിരുവനന്തപുരം: ഡിവൈഎഫ്ഐയുടെ പൊതിച്ചോറ് വിതരണവുമായി ബന്ധപ്പെട്ട് വീണ്ടും പ്രതികരണവുമായി ആരോഗ്യമന്ത്രി കെ. മുരളീധരൻ.

അന്നം മുടക്കിയതല്ലെന്നും ആലപ്പുഴയിൽ സ്ഥലം കൈയേറിയതിൽ ഇടപെട്ടതാണെന്നും കെ. മുരളീധരൻ പറഞ്ഞു. ആലപ്പുഴയിൽ സ്ഥലം കൈയേറ്റത്തെക്കുറിച്ച് പരാതി ലഭിച്ചിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആലപ്പുഴയിൽ ലാബ് നടത്തുന്നത് തടഞ്ഞതാണ് പ്രശ്നം. ലാബിനെതിരെ നടപടി എടുത്തത് ആണ് എതിർപ്പിന് കാരണം. പൊതിച്ചോർ അല്ല. ആശുപത്രിയിൽ ഭക്ഷണം കൊടുക്കുന്നതിനു തടസമില്ലെന്നും മുരളീധരൻ പറഞ്ഞു.

# നെതന്യാഹുവിനെ തൊട്ടാൽ കളി മാറും; ന്യൂയോർക്ക് മേയർക്ക് മറുപടിയുമായി ട്രംപ്

വാഷിംഗ്ടൺ: അമേരിക്കയിലെത്തുന്ന ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെ അറസ്റ്റ് ചെയ്യില്ലെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി. ന്യൂയോർക്കിലെത്തുന്ന നെതന്യാഹുവിനെ അറസ്റ്റ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കുകയാണെന്ന് ന്യൂയോർക്ക് മേയർ സൊഹ്റാൻ മംദാനി പറഞ്ഞിരുന്നു.

ഇതിനു മറുപടിയായിട്ടാണ് ട്രംപ് രംഗത്തെത്തിയത്. ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുക്കാൻ സെപ്റ്റംബറിൽ നെതന്യാഹു ന്യൂയോർക്കിലെത്തും. അമേരിക്കയിൽ എവിടെ വച്ചും നെതന്യാഹുവിനെ ഒരു തരത്തിലും അറസ്റ്റ് ചെയ്യില്ലെന്ന് സ്വന്തം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ ട്രംപ് കുറിച്ചു.

ന്യൂയോർക്ക് സിറ്റി മേയറെ പേരെടുത്തു പരാമർശിച്ചില്ലെങ്കിലും ഇസ്രയേൽ പ്രധാനമന്ത്രിക്ക് യുഎസ് മണ്ണിൽ പൂർണ സംരക്ഷണം ഉണ്ടാകുമെന്ന് ട്രംപ് വ്യക്തമാക്കി. രാജ്യാന്തര ക്രിമിനൽ കോടതി കുറ്റം ചുമത്തിയ യുദ്ധക്കുറ്റവാളിയാണ് നെതന്യാഹു എന്ന വാദമുയർത്തിയാണ് ന്യൂയോർക്ക് സിറ്റി മേയർ സൊഹ്റാൻ മംദാനി വിമർശനം കടുപ്പിച്ചത്.

## ജോലിക്ക്പോയ മകൻ തിരികെയെത്തിയില്ല; 40കാരനെ കാണാനില്ലെന്ന് പരാതി

കൊച്ചി: വൈപ്പിനിൽ 40കാരനായ മകനെ കാണാനില്ലെന്ന് പിതാവിൻറെ പരാതി. ഞാറക്കൽ ജയ്ഹിന്ദ് മൈതാനി ഭാഗത്ത് മുരിപ്പാടത്ത് വീട്ടിൽ ഗോപാലകൃഷ്ണൻറെ മകൻ രാകേഷിനെയാണ് കാണാതായത്.

ജൂലൈ 14ന് രാവിലെ വീട്ടിൽ നിന്നും ജോലിക്ക് ഇറങ്ങിയ രാകേഷ് ഇതുവരെ തിരികെ എത്തിയിട്ടില്ല. ഇതോടെയാണ് പിതാവ് ഞാറക്കൽ പോലീസിൽ പരാതി നൽകിയത്.

# കാനഡയ്ക്ക് തിരിച്ചടി; ചില ഉൽപ്പന്നങ്ങൾക്ക് 50% നികുതി ചുമത്തി യുഎസ്

വാഷിംഗ്ടൺ: കാനഡയിൽ നിന്നുള്ള ചില ഉൽപ്പന്നങ്ങൾക്ക് 50 ശതമാനം പുതിയ തീരുവ ഏർപ്പെടുത്തി യുഎസ്. പുതിയ തീരുവ ഏർപ്പെടുത്തി ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ യുഎസ് പ്രസിഡൻറ് ഡൊണൾഡ് ട്രംപ് തിങ്കളാഴ്ച ഒപ്പുവച്ചു. മദ്യം, വാഹനങ്ങൾ, ക്ഷീരോൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ കാനഡ തങ്ങളോട് 'വിവേചനപരമായ സമീപനം' കാണിക്കുന്നുവെന്ന് ആരോപിച്ചാണ് യുഎസിൻറെ നടപടി.പുതിയ നികുതി നിരക്കുകൾ 30 ദിവസത്തിനകം നിലവിൽ വരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. ഊർജ്ജം, പൊട്ടാഷ്, മറ്റ് പ്രത്യേക മേഖലകളിൽ പെടുന്ന ചില ഉൽപ്പന്നങ്ങൾ എന്നിവയെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും, യു.എസ്മെക്സിക്കോകാനഡ വ്യാപാര കരാർ പ്രകാരം രാജ്യത്തേക്ക് എത്തുന്ന ഉൽപ്പന്നങ്ങളെ ഈ പുതിയ തീരുമാനം ബാധിക്കും.

# ക്ലാസ് മുറിയിൽ അധ്യാപകനെ സ്ക്രൂഡ്രൈവർ കൊണ്ട് കുത്തി വിദ്യാർഥി

ചണ്ഡീഗഢ്: ഹരിയാനയിലെ സിർസയിൽ ഗവൺമെൻറ് സീനിയർ സെക്കൻഡറി സ്കൂളിൽ അധ്യാപകന് പത്താം ക്ലാസ് വിദ്യാർഥിയുടെ കുത്തേറ്റു. സുനിൽ ബിരാത്ത് എന്ന അധ്യാപകനെയാണ് പത്താം ക്ലാസുകാരൻ സ്ക്രൂഡ്രൈവർ ഉപയോഗിച്ച് കഴുത്തിൽ പലതവണ കുത്തിയത്. ആക്രമണത്തിന് ശേഷം വിദ്യാർഥി സംഭവസ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടു.

ക്ലാസ് മുറിയിൽ ഹോംവർക്ക് പരിശോധിച്ചുകൊണ്ടിരുന്ന സുനിലിനെ വിദ്യാർഥി പിന്നിൽ നിന്ന് ആക്രമിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ അധ്യാപകൻ ആശുപത്രിയിൽ ചികിത്സയിലാണ്. പോലീസ് സ്കൂളിലെത്തി പരിശോധന നടത്തുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിൽ മൊബൈൽ ഫോൺ കൊണ്ടുവരുന്നതിന് വിലക്കേർപ്പെടുത്തിയതിലുള്ള മുൻവൈരാഗ്യമാണ് ആക്രമണത്തിന് കാരണമെന്നാണ് പ്രാഥമിക അന്വേഷണത്തിൽ നിന്ന് പോലീസ് കണ്ടെത്തിയത്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# കള്ളൻ വിജയൻറെ കഥ ; ദേശാഭിമാനി 'മുക്കിയ' ലേഖനം ടി.സി.രാജേഷ് പുറത്തുവിട്ടു

തിരുവനന്തപുരം: ദേശാഭിമാനി വാരാന്ത്യപതിപ്പിലെ ലേഖന തലക്കെട്ടുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്നതിന് പിന്നാലെ പ്രസിദ്ധീകരിക്കാതെ മാറ്റിവെച്ച ഫീച്ചർ ഫേസ്ബുക്കിലൂടെ പുറത്തുവിട്ട് ലേഖകൻ ടി.സി. രാജേഷ്. തലക്കെട്ടിൽ സംഭവിച്ച ജാഗ്രതക്കുറവിൻറെ പൂർണ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് അദ്ദേഹം ഫീച്ചർ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചിരിക്കുന്നത്.

തിരുവനന്തപുരം പുല്ലാംപാറയിലെ നാടകഗ്രാമത്തെക്കുറിച്ചും അവിടുത്തെ പ്രശസ്ത നാടക കലാകാരനായ വിജയനെക്കുറിച്ചുമുള്ളതായിരുന്നു ടി.സി. രാജേഷ് തയാറാക്കിയ റിപ്പോർട്ട്. മൂന്നര പതിറ്റാണ്ടിലധികം നീണ്ട വിജയൻറെ നാടക ജീവിതവും അദ്ദേഹം സഞ്ചരിച്ച വഴികളുമായിരുന്നു ഫീച്ചറിൻറെ ഉള്ളടക്കം.

നാടകവേദിയിലെ കള്ളൻ എന്ന കഥാപാത്രത്തിലൂടെ ശ്രദ്ധേയനായ വിജയന് കള്ളൻ വിജയൻ, ധന്യ നാടകഗ്രാമം, മുത്തിപ്പാറ പിഒ എന്ന മേൽവിലാസത്തിൽ അയക്കുന്ന കത്തുകൾ പോലും കൃത്യമായി ലഭിക്കാറുണ്ട്. ഈ പശ്ചാത്തലത്തിലാണ് ലേഖനത്തിന് ഇത്തരമൊരു തലക്കെട്ട് നൽകിയതെന്ന് രാജേഷ് വ്യക്തമാക്കുന്നു.

കഴിഞ്ഞ ഞായറാഴ്ച പുറത്തിറങ്ങേണ്ടിയിരുന്ന വാരാന്ത്യപതിപ്പ് പിൻവലിച്ചത് വിവാദമായിരുന്നു. സാങ്കേതിക കാരണങ്ങളാൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല എന്നായിരുന്നു പത്രത്തിൻറെ ഔദ്യോഗിക വിശദീകരണം. എന്നാൽ വി.എസ്. അച്യുതാനന്ദൻറെ അനുസ്മരണ ലേഖനത്തോടൊപ്പമായിരുന്നു ഈ ഫീച്ചറും അച്ചടിച്ചിരുന്നത്. വി.എസ് അനുസ്മരണത്തിന് തൊട്ടടുത്ത് കള്ളൻ വിജയൻ എന്ന തലക്കെട്ട് വന്നതിലെ വൈരുധ്യമാണ് അച്ചടിച്ച പതിപ്പ് മുഴുവൻ തടഞ്ഞുവെക്കാൻ കാരണമെന്ന് റിപ്പോർട്ടുകളുണ്ട്.

## ബോട്ട് മറിഞ്ഞ് അപകടം: 27 മരണം; 83 പേരെ കാണാതായി

ജോർജ്ജ്ടൗൺ: ഗയാന തീരത്തിന് സമീപം യാത്രാ ബോട്ട് മറിഞ്ഞു. അപകടത്തിൽ 27 പേർ മരിച്ചു.83 പേരെ കാണാതായതായി രാജ്യത്തിൻറെ പ്രധാനമന്ത്രി മാർക്ക് ഫിലിപ്പ് തിങ്കളാഴ്ച അറിയിച്ചു. കാണാതായവർക്കായുള്ള തെരച്ചിൽ ഊർജ്ജിതമായി തുടരുകയാണെന്നും മാർക്ക് ഫിലിപ്പ് പറഞ്ഞു. ഇതുവരെ 69 പേരെ രക്ഷപ്പെടുത്താൻ സാധിച്ചതായും പ്രധാനമന്ത്രി അറിയിച്ചു. എം വി ബരിമ എന്ന ബോട്ടാണ് അപകടത്തിൽപ്പെട്ടത്. ശനിയാഴ്ച വൈകുന്നേരമാണ് അപകടമുണ്ടായത്.

# മൊബൈൽ വെളിച്ചത്തിലെ ചികിത്സ; അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യമന്ത്രി

തിരുവനന്തപുരം: പാലോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മൊബൈൽ ഫോൺ വെളിച്ചത്തിൽ രോഗിയെ ചികിത്സിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പ് അന്വേഷണം പ്രഖ്യാപിച്ചു. ആരോഗ്യ ഡയറക്ടറോട് അടിയന്തര അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ മന്ത്രി മന്ത്രി കെ. മുരളീധരൻ നിർദേശിച്ചു. സംഭവത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി.

മുറിവ് ഡ്രസ്സ് ചെയ്യുന്നതിനിടെ അപ്രതീക്ഷിതമായി വൈദ്യുതി ബന്ധം നിലച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമായത്. ഇതിന് ബദലായി പ്രവർത്തിക്കേണ്ട ജനറേറ്ററും പ്രവർത്തനരഹിതമായതോടെയാണ് ജീവനക്കാർക്ക് മൊബൈൽ ടോർച്ച് വെളിച്ചത്തെ ആശ്രയിക്കേണ്ടി വന്നത്.

വൈദ്യുതി തടസപ്പെട്ടാലും ആശുപത്രികളിലെ ചികിത്സാ സേവനങ്ങൾ തടസപ്പെടാൻ പാടില്ലെന്ന് മന്ത്രി ഓർമ്മിപ്പിച്ചു. ജനറേറ്റർ അടക്കമുള്ള ബദൽ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് ആശുപത്രി അധികൃതരുടെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

## സ്പെയിനിൽ ഫൗണ്ടൻ തകർന്ന് 13 വയസുകാരൻ മരിച്ചു

മാഡ്രിഡ്: ഫുട്ബോൾ ലോകകപ്പ് ജയം ആഘോഷിക്കുന്നതിനിടെ സ്പെയിനിൽ ഫൗണ്ടൻ തകർന്ന് 13 വയസുകാരൻ മരിച്ചു. സിയുഡാഡ് റോഡ്രിഗോയിലാണ് സംഭവം നടക്കുന്നത്.

ഫൗണ്ടൻ തകർന്ന് നിരവധി പേരുടെ മേൽ വീണു. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. ഉടൻ തന്നെ രക്ഷാപ്രവർത്തകർ സ്ഥലത്തെത്തി പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി.

ലോകകപ്പ് വിജയം ആഘോഷിക്കാൻ ധാരാളം ആരാധകരാണ് ഫൗണ്ടനിൽ കയറി നിന്നത്. ജനങ്ങളുടെ ഭാരം താങ്ങാനാവാതെയാണ് ഫൗണ്ടൻ തകർന്നു വീണത്. സംഭവത്തിൽ പോലീസ് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# ജിയോണ ജെയിംസിനെ മാറ്റില്ല: കെഎസ്‌യു ആവശ്യം തള്ളി മുഖ്യമന്ത്രി; ഏറ്റുമുട്ടലിനില്ലെന്ന് കെഎസ്‌യു

തിരുവനന്തപുരം: മുൻ എസ്എഫ്ഐ പ്രവർത്തകയെ ഗവൺമെൻറ് പ്ലീഡറായി നിയമിച്ച നടപടി പിൻവലിക്കണമെന്ന കെഎസ്‌യുവിൻറെ ആവശ്യം മുഖ്യമന്ത്രി വി.ഡി. സതീശൻ തള്ളി. നിയമനം മാറ്റാനാവില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി സാഹചര്യത്തിൽ ഇനി സർക്കാരുമായി ഏറ്റുമുട്ടലിലേക്കില്ലെന്ന നിലപാടിലാണ് കെഎസ്‌യു നേതൃത്വം.

തിരുവനന്തപുരം ലോ കോളജിൽ എസ്എഫ്ഐ. പ്രവർത്തകയായിരുന്ന ജിയോണ ജെയിംസിനെ പ്ലീഡറാക്കിയതിൽ പ്രതിഷേധിച്ച് കെഎസ്‌യു. സംസ്ഥാന പ്രസിഡൻറ് അലോഷ്യസ് സേവ്യർ മുഖ്യമന്ത്രിയെ കണ്ടിരുന്നു. ലോയേഴ്സ് കോൺഗ്രസിൻറെയും എംപി ഡീൻ കുര്യാക്കോസിൻറെയും ശുപാർശ കൂടി പരിഗണിച്ചാണ് ഈ നിയമനമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

ഒരേ ചടങ്ങിൽ വെച്ച് തന്നെ അവഗണിച്ചതായി പരാതി ഉയർന്നതിനെ തുടർന്ന്, കെപിസിസി. പ്രസിഡൻറിൻറെ ഇടപെടലോടെയാണ് മുഖ്യമന്ത്രി അലോഷ്യസ് സേവ്യർക്ക് കൂടിക്കാഴ്ചയ്ക്ക് സമയം അനുവദിച്ചത്. എന്നാൽ മുഖ്യമന്ത്രി നിലപാട് കടുപ്പിച്ചതോടെ തർക്കം തുടരേണ്ടതില്ലെന്ന് കെഎസ്‌യു തീരുമാനിക്കുകയായിരുന്നു.

# മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയെന്നാരോപണം; പോലീസുകാരെ തടഞ്ഞുവച്ച് ഡിവൈഎഫ്ഐ

തൊടുപുഴ: മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയെന്നാരോപിച്ച് തൊടുപുഴ മങ്ങാട്ടുകവലയിൽ എസ് ഐയെയും ഡ്രൈവറെയും ഡിവൈഎഫ്ഐ പ്രവർത്തകരും നാട്ടുകാരും ചേർന്ന് തടഞ്ഞുവച്ചു. ലോകകപ്പ് ഫൈനൽ ബിഗ് സ്ക്രീനിൽ പ്രദർശിപ്പിച്ചിടത്ത് ഉദ്യോഗസ്ഥർ മദ്യപിച്ച് വന്നെന്നാണ് ആരോപണം. ഇവരുടെ വാഹനത്തിൽ നിന്ന് മദ്യക്കുപ്പി പോലീസ് കണ്ടെടുത്തിട്ടുണ്ട്.

സംഭവത്തിൽ ഇടുക്കി എസ്പി അന്വേഷണം തുടങ്ങി. തിങ്കളാഴ്ച പുലർച്ചെ, ലോകകപ്പ് ഫുട്ബോൾ ഫൈനലിന് ശേഷം ആഘോഷ പരിപാടികൾ നടത്താൻ തുടങ്ങുന്നതിനിടെയാണ് മങ്ങാട്ടുകവലയിൽ നാടകീയ രംഗങ്ങളുണ്ടായത്. മങ്ങാട്ടുകലവയിൽ ഡ്യൂട്ടിക്കെത്തിയ കരിമണ്ണൂർ എസ്ഐ ആയ റോയ് സുകുമാരനും ഒപ്പമുണ്ടായിരുന്ന പോലീസുകാരനും മദ്യപിച്ചാണെത്തിയതെന്ന ആരോപണത്തെ തുടർന്ന് നാട്ടുകാരും ഡിവൈഎഫ്ഐ പ്രവർത്തകരും ബഹളം വച്ചു.

ഇതിനിടെ, തൊടുപുഴ എസ്എച്ച്ഒ സ്ഥലത്തെത്തി. തുടർന്ന് നടത്തിയ പരിശോധനയിൽ ഇവരുടെ ഔദ്യോഗിക വാഹനത്തിൽ നിന്ന് ഒഴിഞ്ഞ മദ്യക്കുപ്പിയും, ചീട്ടുകെട്ടും കണ്ടെടുത്തു. ഇരുവരെയും വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കി. ബ്രീത്ത് അനലൈസറിലോ, രക്തപരിശോധനയിലോ മദ്യപിച്ചതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് പൊലീസ് നൽകുന്ന വിവരം.

വിശദമായ പരിശോധനയ്ക്ക് രക്ത സാംപിൾ അയച്ചിട്ടുണ്ടെന്നും റിപ്പോർട്ട് കിട്ടിയ ശേഷം തുടർനടപടിയെന്നും പോലീസ് അറിയിച്ചു. സംസ്ഥാനത്ത് ഓപ്പറേഷൻ തൂഫാനിടെ പോലീസെതിരെ ഉണ്ടായ ആരോപണം ഗൗരവമായാണ് കാണുന്നതെന്ന് ഇടുക്കി എസ്പി പ്രതികരിക്കുന്നത്. സംഭവത്തെക്കുറിച്ച് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി, തൊടുപുഴ ഡിവൈഎസ്പി എന്നിവരോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഫൈനലിന് ശേഷമുള്ള ആഘോഷപരിപാടികൾക്ക് അനുമതി നിഷേധിച്ചതിലുള്ള വൈരാഗ്യമാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും മദ്യപിച്ചിട്ടില്ലെന്നും റോയ് പൊലീസ് ഉദ്യോഗസ്ഥർക്ക് മൊഴി നൽകിയിരിക്കുന്നത്. വാഹനത്തിലുണ്ടായിരുന്ന ചീട്ടുകെട്ടുകൾ നേരത്തെ പിടിച്ചെടുത്തതെന്നും മദ്യക്കുപ്പി എങ്ങിനെ വാഹനത്തിൽ എങ്ങിനെയെത്തിയെന്നറിയില്ലെന്നുമാണ് പോലീസുകാർ നൽകുന്ന വിശദീകരണം.

## വിയറ്റ്നാമിൽ ബസിന് തീപിടിച്ച് ഏഴ് പേർ മരിച്ചു

ഹനോയ്: വിയറ്റ്നാമിൽ ഓടിക്കൊണ്ടിരുന്ന ബസിന് തീപിടിച്ച് ഏഴ് പേർ മരിച്ചു, അഞ്ച് പേർക്ക് പരിക്കേറ്റു. ചൊവ്വാഴ്ച പുലർച്ചെയാണ് അപകടമുണ്ടായത്.

ലാം ഡോംഗ് പ്രവിശ്യയിൽ നിന്ന് ഹോ ചി മിൻ സിറ്റിയിലേക്ക് യാത്രക്കാരുമായി പോവുകയായിരുന്ന ബസിനാണ് തീപിടിച്ചത്. തീ വേഗത്തിൽ പടർന്നുപിടിച്ചതിനാൽ ബസിനുള്ളിലുണ്ടായിരുന്ന യാത്രക്കാർക്ക് പുറത്തിറങ്ങാനായില്ല. പരിക്കേറ്റ അഞ്ച് പേരും സമീപത്തെ ആശുപത്രികളിൽ ചികിത്സയിലാണ്. തീപിടിത്തത്തിൻറെ കൃത്യമായ കാരണം വ്യക്തമായിട്ടില്ല.

# ബിയർകുപ്പികൊണ്ട് യുവാവിനെ ആക്രമിച്ച കേസ്: തെളിവെടുത്തു

മആറ്റിങ്ങൽ: ബിയർ കുപ്പികൊണ്ട് യുവാവിനെ ആക്രമിച്ച പ്രതിയെ അറസ്റ്റ് ചെയ്തു. കീഴാറ്റിങ്ങൽ എ.കെ. നഗറിൽ കാട്ടുവിള വീട്ടിൽ എയ്ഷറി(26)നെയാണു കടക്കാവൂർ പോലീസ് പിടികൂടിയത്.

കടയ്ക്കാവൂർ സ്റ്റേഷൻ പരിധിയിലെ പഴഞ്ചിറയിൽ ചിറക്കു സമീപം ഇരുന്ന മേൽകടയ് ക്കാവൂർ പഴഞ്ചിറ കല്ലുവിള വീട്ടിൽ ശരത്തിനെ ആക്രമിച്ച സംഭവത്തിലാണ് അറസ്റ്റ്. ജൂലൈ ഒന്നിനു രാത്രി ഏഴോടെയായിരുന്നു സംഭവം.

എയ്ഷറിൻറെ കൂട്ടുകാരനെതിരേ പോലീസിൽ കേസുകൊടുത്ത വിരോധമാണ് ആക്രമണത്തിൽ കലാശിച്ചത്. ശരത്തും കൂട്ടുകാരും പഴഞ്ചിറയിൽ ഇരുന്ന സമയം എയ്ഷർ അവിടെയെത്തി വാക്കേറ്റം നടത്തുകയും കൈയിൽ കരുതിയിരുന്ന ബിയർ കുപ്പി പൊട്ടിച്ച് തലയ്ക്ക് കുത്തുകയുമായിരുന്നു. പരിക്കേറ്റ ശരത് ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ചികിത്സയിലാണ്.

ശരത്തിനെ കുത്തിയതിനുശേഷം ഒളിവിൽ പോയ പ്രതിയെ പോലീസ് കോയമ്പത്തൂരിൽനിന്നാണു പിടികൂടിയത്. എയ്ഷർ മൊബൈൽ ഫോൺ ഉപേക്ഷിച്ച് മറ്റൊരാളുടെ പേരിൽ സിം എടുത്ത് കോയമ്പത്തൂർ മേട്ടുപ്പാളയത്തിനടുത്ത് ഒളിവിൽ താമസിക്കുന്നതായി എസ്എച്ച്ഒ സൈജുവിനു വിവരം ലഭിച്ചു. സൈബർ സെല്ലിൻറെ സഹായത്തോടെ എസ്ഐ സജിത്ത്, ജയപ്രസാദ്, എഎസ്ഐ ജിജു, പോലീസ് ഉദ്യോഗസ്ഥരായ സാബു, ഇന്ദ്രജിത്ത്, മെബിൻ എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണസംഘം കോയമ്പത്തൂരിലെത്തി പ്രതിയെ പിടികൂടുകയായിരുന്നു.

പ്രതിയുടെ പേരിൽ കടയ് ക്കാവൂർ പോലീസിൽ നിരവധി കേസുകളുണ്ട്. കടയ്ക്കാവൂർ പോലീസ് സ്റ്റേഷനിൽ റൗഡി ലിസ്റ്റിൽപ്പെട്ട ആളാണ് എയ്ഷർ. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ഹോർമുസിൽ ഇറാൻെറ മിസൈലാക്രമണം; എണ്ണക്കപ്പലിന് തീപിടിച്ചു

ടെഹ്റാൻ: അമേരിക്ക വ്യോമാക്രമണം ശക്തമാക്കിയതോടെ തിരിച്ചടിച്ച് ഇറാൻ. ഹോർമുസ് കടലിടുക്കിൽ എണ്ണക്കപ്പലിന് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഇന്ധന ടാങ്കറിന് തീപിടിച്ചു. തീപടർന്നതോടെ ജീവനക്കാർ കപ്പൽ ഉപേക്ഷിച്ച് ലൈഫ് ബോട്ടുകളിൽ രക്ഷപ്പെട്ടു. ഹോർമുസിൽ മറ്റ് രണ്ട് എണ്ണ ടാങ്കറുകൾക്കുകൂടി തീപിടിച്ചതായി റിപ്പോർട്ടുകളുണ്ട്.

ഇറാൻറെ സിരിക്, ബന്ദർ അബ്ബാസ്, ഖഷം ദ്വീപ്, ചബഹാർ, കൊനാരക് എന്നീ പ്രദേശങ്ങളിലെ സൈനിക കമാൻഡ് സെൻററുകൾ ലക്ഷ്യമിട്ടാണ് അമേരിക്ക ബോംബാക്രമണം നടത്തിയത്. അതേസമയം ശക്തമായ പ്രത്യാക്രമണവുമായി ഇറാൻറെ ഇസ്!ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് രംഗത്തെത്തി.

ബഹ്റൈനിലും കുവൈറ്റിലുമുള്ള യുഎസ് സൈനിക കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതായി ഐആർജിസി സ്ഥിരീകരിച്ചു. ജോർദാനിൽ നടന്ന ആക്രമണങ്ങളിൽ രണ്ട് യുഎസ് സൈനികർ കൊല്ലപ്പെടുകയും ഒരാളെ കാണാതാവുകയും ചെയ്തു. ഇറാഖിലുണ്ടായ മറ്റൊരു സംഭവത്തിൽ ഒരു സൈനികൻ കൊല്ലപ്പെട്ടതായി യുഎസ് സ്ഥിരീകരിച്ചു.

സംഘർഷം അയവില്ലാതെ തുടരുന്ന പശ്ചാത്തലത്തിൽ മധ്യസ്ഥ ശ്രമങ്ങളുടെ ഭാഗമായി ഇറാൻ ആഭ്യന്തരമന്ത്രി പാക്കിസ്ഥാനിലേക്ക് തിരിച്ചു. കഴിഞ്ഞ മാസം ഒപ്പുവെച്ച താ

ത്കാലിക വെടിനിർത്തൽ കരാർ തകർന്നതോടെ മേഖലയിൽ ആശങ്ക ഉയർന്നിരിക്കുകയാണ്.

# നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അത്യാഹിത വിഭാഗം അത്യാസന്നനിലയിൽ

നെയ്യാറ്റിൻകര : നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലെ അപാകതകൾ ആവർത്തിക്കുന്പോഴും അധികൃതർ ശാശ്വത പരിഹാരം കാണുന്നില്ലെന്ന് ആക്ഷേപം. നൂറ്റാണ്ടു പഴക്കമുള്ള നെയ്യാറ്റിൻകര ജനറൽ ആശുപത്രി തലസ്ഥാനജില്ലയുടെ തെക്കൻ പ്രദേശത്ത് നൂറുകണക്കിനു സാധാരണക്കാരുടെ ആശ്രയകേന്ദ്രമാണ്.

ആശുപത്രിയുടെ ഔദ്യോഗിക വിവരങ്ങൾ പ്രകാരം ഇവിടെ ഏകദേശം 440 ജീവനക്കാരുണ്ട്. അതിൽ 40 ഡോക്ടർമാരും 125ലധികം നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുമാണുള്ളത്. എന്നാൽ ഓരോ ദിവസവും വർധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് അനുസരിച്ച് അടിസ്ഥാനസൗകര്യങ്ങളും ജീവനക്കാരുടെ എണ്ണവും ചികിത്സാ സംവിധാനങ്ങളും വികസിച്ചിട്ടില്ലെന്നതു പകൽ പോലെ വ്യക്തം.

അത്യാഹിത വിഭാഗത്തിൻറെ അവസ്ഥയാണ് ഏറെ ദയനീയം. രാത്രിയിൽ ഈ ആതുരാലയത്തിലെ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ട് ഡോക്ടർമാരുടെ കുറവാണ്. കുട്ടികൾ മുതൽ വയോധികർ വരെ ഇടം പിടിക്കുന്ന നീണ്ട ക്യൂ ഇവിടുത്തെ രാത്രികാല പതിവുകാഴ്ച. പനി മുതൽ ശാരീരികാസ്വാസ്ഥ്യം വരെ അനുഭവിക്കുന്ന രോഗികൾ മണിക്കൂറുകളോളം കാത്തു നിൽക്കേണ്ടിവരുന്നു. അതിനിടയിൽ റോഡപകടങ്ങളുമായി ബന്ധപ്പെട്ടു പരിക്കേറ്റവരെ കൊണ്ടുവരുന്നതോ പോലീസ് കേസിൻറെ ഭാഗമായി പരിശോധനയ്ക്ക് എത്തിക്കുന്നതോ ആയ സംഭവങ്ങൾ അരങ്ങേറിയാൽ അത്യാഹിത വിഭാഗത്തിൽ ക്യൂ നിൽക്കുന്ന രോഗികൾ വീണ്ടും കാത്തുനിൽക്കുന്ന സ്ഥിതി വിശേഷമാണ്.

ഡോക്ടർമാരുടെ കുറവു കാരണം കാത്തിരിപ്പു നീളുന്പോൾ ടോക്കൺ വിളിക്കുന്നതിന് മുമ്പുതന്നെ രോഗികൾ സ്വകാര്യ ആശുപത്രികളിലേയ്ക്കു പോകുന്നതും നെയ്യാറ്റിൻകര സർക്കാർ ആശുപത്രിയിലെ കാഴ്ചകളിൽപ്പെടുന്നു. പരിമിതമായ ഡോക്ടർമാരും ജീവനക്കാരും ഒരുവശത്തും ഏറെ നേരം കാത്തുനിൽക്കുന്ന എണ്ണമറ്റ രോഗികൾ മറുവശത്തുമാകുന്പോൾ വാക്കേറ്റങ്ങളും അസ്വാരസ്യങ്ങളും സ്വാഭാവികമെന്നും ചില രോഗികൾ ചൂണ്ടിക്കാട്ടി.

രോഗികളുടെ എണ്ണം ഗണ്യമായി വർധിക്കുന്ന സാഹചര്യ ത്തിൽ അധിക ഡോക്ടർമാരെയും നഴ്സുമാരെയും മറ്റു ജീവനക്കാരെയും താത്കാലികമായെങ്കിലും നിയോഗിക്കാൻ അധികൃതർ തയാറാകണമെന്ന ആവശ്യവും നേരത്തെ ഉയരുന്നുണ്ട്. ജനറൽ ആശുപത്രി എന്നതു ഈ സർക്കാർ ആതുരാലയത്തിൻറെ പുറത്ത് പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡിൽ മാത്രമാണെന്നും താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പോലും ഇവിടെ ഇല്ലെന്നും ആരോപണം ഉയരുന്നുണ്ട്.

## ഉമ്മൻചാണ്ടി അനുസ്മരണം സംഘടിപ്പിച്ചു

വെള്ളറട: വെള്ളറട ബ്ലോക്ക് കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിൽ വെള്ളറടയിൽ ഉമ്മൻചാണ്ടി അനുസ്മരണവും കത്തിപ്പാറ സ്നേഹഭവനിൽ വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പരിപാടിയും സംഘടിപ്പിച്ചു.

യുഡിഎഫ് ചെയർമാൻ കെ. ദസ്ഥഗീർ ഉദ്ഘാടനം ചെയ്തു. വെള്ളറട ജംഗ്ഷനിൽ ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് അഡ്വ. ഗിരീഷ് കുമാർ അധ്യക്ഷത വഹിച്ചു. മണ്ഡലം പ്രസിഡൻറ് മണലി സ്റ്റാൻലി, കരിക്കാമൻകോട് ബാങ്ക് പ്രസിഡൻറ് ശേഖരദാസ്, പാർട്ടി നേതാക്കളായ മംഗൾദാസ്, മലയിൽ രാധാകൃഷ്ണൻ, സനൽ മുള്ളുലുവിള, മുട്ടച്ചൽ സിവിൻ, സെയ്യദ്, ഷാജുദീൻ, അജയൻ തുടങ്ങിയവർ പങ്കെടുത്തു. വെള്ളറട ബ്ലോക്ക് കോൺഗ്രസ് പാർട്ടി ഓഫീസിനു മുന്നിലും ഉമ്മൻചാണ്ടി അനുസ്മരണം സംഘടിപ്പിച്ചു. വിവിധ പാർട്ടി പ്രവർത്തകർ പങ്കെടുത്തു. അനുസ്മരണ പരിപാടികൾക്കുശേഷം പാർട്ടി പ്രവർത്തകരെല്ലാം കത്തിപ്പാറ സ്നേഹഭവനിലെത്തി, വിദ്യാർഥികൾക്കു മുഴുവനും ലഘു ഭക്ഷണം വിതരണം ചെയ്തു.

# ഡൽഹിയിൽ സിജെപി സമരം കനക്കുന്നു: സംഘർഷം, 70 പേർ കസ്റ്റഡിയിൽ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് സിജെപി നടത്തുന്ന പ്രതിഷേധ സമരം ശക്തമാകുന്നു. തിങ്കളാഴ്ചയുണ്ടായ സംഘർഷത്തിൽ സ്പെഷ്യൽ കമ്മീഷ്ണറും ഡിസിപിമാരും അടക്കം അഞ്ച് ഐപിഎസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 118 പോലീസുകാർക്ക് പരിക്കേറ്റു. സംഭവവുമായി ബന്ധപ്പെട്ട് 70 പേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

സമരക്കാർ പൊതുമുതൽ നശിപ്പിച്ചതായും 20 വാഹനങ്ങൾ തകർത്തതായും പോലീസ് അറിയിച്ചു. പ്രതിഷേധക്കാർക്കെതിരെ പൊതുമുതൽ നശിപ്പിക്കൽ ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജന്തർമന്തറിലെ സമരപ്പന്തലിൽ ലാത്തിച്ചാർജ് നടത്തുകയും കണ്ണീർവാതകം പ്രയോഗിക്കുകയും ചെയ്ത പോലീസ്, സോനം വാംഗ്ചുക്ക് അടക്കമുള്ള നേതാക്കൾ പ്രതിഷേധിച്ചിരുന്ന വേദി പൂർണ്ണമായി പൊളിച്ചുമാറ്റി. പ്രദേശത്ത് ദ്രുതകർമസേനയെ വിന്യസിച്ചിട്ടുണ്ട്.

തുടർന്ന് അഭിജിത് ദീപ്കെയുടെ നേതൃത്വത്തിൽ പ്രവർത്തകർ പാർലമെൻറിലേയ്ക്ക് ലേക്ക് മാർച്ച് നടത്താൻ ശ്രമിച്ചെങ്കിലുംപോലീസ് തടഞ്ഞു. പാർലമെൻറ് മന്ദിരത്തിന് സമീപവും കണ്ണീർവാതകം പ്രയോഗിച്ചു.

പോലീസ് നടപടിയെ തുടർന്ന് ചിതറിപ്പോയ സിജെപി പ്രവർത്തകർ രാത്രിയോടെ വീണ്ടും ജന്തർമന്തറിലേക്ക് തിരിച്ചെത്തി സമരം പുനരാരംഭിച്ചു. വരുംദിവസങ്ങളിൽ പാർലമെൻറിലേയ്ക്ക് വീണ്ടും മാർച്ച് നടത്തുമെന്നും തുടർനടപടികൾ ഉടൻ പ്രഖ്യാപിക്കുമെന്നും സംഘടന അറിയിച്ചു. സമരക്കാരുടെ ഈ തിരിച്ചുവരവ് എങ്ങനെ നേരിടുമെന്ന കാര്യത്തിൽ ഡൽഹി പോലീസ് അടിയന്തര ചർച്ചകൾ നടത്തിവരികയാണ്

## വിദ്യാർഥിനിയെ യുവാവ് വെടിവച്ചു കൊന്നു

പാറ്റ്ന: ബിഹാറിലെ സമസ്തിപൂരിൽ വിവാഹാഭ്യർഥന നിരസിച്ചതിന് വിദ്യാർഥിനിയെ യുവാവ് വെടിവച്ചു കൊന്നു. പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിനി സുമൻ കുമാരിയെയാണ് (19) അരവിന്ദ് ഗുപ്ത എന്ന യുവാവ് കൊലപ്പെടുത്തിയത്.

കഴിഞ്ഞ അഞ്ച് മാസമായി അരവിന്ദ് മകളെ ഉപദ്രവിക്കുകയാണെന്ന് പെൺകുട്ടിയുടെ അമ്മ പോലീസിനു മൊഴി നൽകി. വിവാഹം കഴിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് കൊലപ്പെടുത്തുമെന്ന് അരവിന്ദ് ഭീഷണി മുഴക്കിയിരുന്നു.

സുമൻ സൈക്കിളിൽ പോകുന്നതിനിടെ ബൈക്കിലെത്തിയ അരവിന്ദ് വെടിവയ്ക്കുകയായിരുന്നു. കഴുത്തിലും നെഞ്ചിലും വെടിയേറ്റ സുമൻ സംഭവസ്ഥലത്ത് തന്നെ മരിച്ചു. സംഭവത്തിന് ശേഷം അരവിന്ദ് ഒളിവിൽ പോയി.

# അഫ്ഗാനിസ്ഥാനിൽ പ്രളയം: 20 മരണം; നൂറിലേറെ പേരെ കാണാതായി

കാബൂൾ: അഫ്ഗാനിസ്ഥാനിലെ നൂറിസ്ഥാൻ പ്രവിശ്യയിൽ ഉണ്ടായ ശക്തമായ പ്രളയത്തിൽ 20 പേർ കൊല്ലപ്പെട്ടു. നൂറിലധികം പേരെ കാണാതായതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. പ്രവിശ്യാ തലസ്ഥാനമായ പരുനിലാണ് പ്രളയം വലിയ നാശം വിതച്ചത്. പ്രവിശ്യയുടെ മേയർ അടക്കമുള്ള പ്രമുഖരെ പ്രളയത്തിൽ കാണാതായിട്ടുണ്ട്.

ഇതുവരെ 20 മൃതദേഹങ്ങൾ കണ്ടെടുത്തിട്ടുണ്ടെന്നും 80ഓളം പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും അഫ്ഗാനിസ്ഥാൻ ദുരന്തനിവാരണ ഏജൻസി വ്യക്തമാക്കി. പാകിസ്ഥാൻ അതിർത്തിയോട് ചേർന്നുള്ള നൂറിസ്ഥാൻറെ വിവിധ ഭാഗങ്ങളിലാണ് പ്രളയം കനത്ത നാശം വിതച്ചിരിക്കുന്നത്. നദിക്കരയിലുണ്ടായിരുന്ന കടകളും കെട്ടിടങ്ങളും ഹോട്ടലുകളും പൂർണ്ണമായും ഒലിച്ചുപോയി. മുൻപ് വിപണികളും കടകളും സജീവമായിരുന്ന പല സ്ഥലങ്ങളിലും ഇപ്പോൾ ചെളി മാത്രമാണ് ശേഷിക്കുന്നത്. പ്രളയത്തിൽ നഗരസഭാ കാര്യാലയം പൂർണമായും തകർന്നുപോയതായി പ്രാദേശിക സന്നദ്ധ സംഘടനയായ 'ഷ്പൂൾ' വ്യക്തമാക്കി. കാണാതായവർക്കായി പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്. വിദൂര വടക്കുകിഴക്കൻ മലയോര മേഖലയായതിനാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും രക്ഷാപ്രവർത്തനങ്ങൾക്കും വലിയ വെല്ലുവിളിയാണ് നേരിടുന്നത്.

## അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2026-ലെ ആർക്കിടെക്ചർ (ബി.ആർക്ക്) കോഴ്സിലേയ്ക്കുള്ള (കീം 2026) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് ോോ.രലല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിയ്ക്കകം കാറ്റഗറി/ കമ്മ്യൂണിറ്റി/ നേറ്റിവിറ്റി/ വരുമാനം/ പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് അന്തിമ കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾക്ക്: 0471-2332120, 2338487.

## താത്ക്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2026-27 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി, ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള താത്ക്കാലിക റാങ്ക് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. . പ്രസ്തുത പരാതികൾ പരിഹരിച്ചശേഷം അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ: 04712332120, 04712338487.

# പോക്സോ കേസ് പ്രതിക്ക് 75 വർഷം കഠിനതടവ്

ആറ്റിങ്ങൽ: ഒന്പതു വയസുകാരിയെ പീഡിപ്പിച്ച കേസിലെ പ്രതിക്ക് 75 വർഷം കഠിനതടവും ഒന്പതു ലക്ഷം രൂപ പിഴയും വിധിച്ചു. പിഴയൊടുക്കിയില്ലെങ്കിൽ ഒന്നര വർഷം അധികതടവ് അനുഭവിക്കണം. വെള്ളായണി ക്ഷേത്രത്തിനു സമീപം കുണ്ടൻകാവ് വീട്ടിൽ അനീഷി(34)നെയാണ് കോടതി കുറ്റക്കാരെന്നുകണ്ടു ശിക്ഷിച്ചത്. ആറ്റിങ്ങൽ അതിവേഗ കോടതി ജഡ്ജി സി.ആർ. ബിജു കുമാറാണ് ശിക്ഷ വിധിച്ചത്. പോത്തൻകോട് പോലീസ് 2025 ജനുവരി 11ന് രജിസ്റ്റർ ചെയ്ത കേസിലാണ് വിധി വന്നിട്ടുള്ളത്. പ്രോസിക്യൂഷൻ സാക്ഷികളായി 17 പേരെ വിസ്തരിക്കുകയും 23 രേഖകൾ തെളിവായി ഹാജരാക്കുകയും ചെയ്തു. പ്രോസിക്യൂഷനു വേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ യു. സലിംഷാ,അഭിഭാഷക നീലിമ ആർ. കൃഷ്ണൻ എന്നിവർ ഹാജരായി. ടി.എം. ധന്യ പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

## ഹിന്ദി അധ്യാപക കോഴ്സിലേക്ക് സ്പോട്ട് അഡ്മിഷൻ

കേരള സർക്കാരിന്റെ ഹിന്ദി അധ്യാപക ട്രെയിനിംഗ് യോഗ്യതയായ രണ്ട് വർഷത്തെ റഗുലർ ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സ് 2026-28 ബാച്ചിൽ സീറ്റുകൾ ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ് ടു, ഡിഗ്രി, എം എ വിജയിച്ചവർക്ക് അപേക്ഷിക്കാം. പ്രായപരിധി 17 35 വയസ്. പട്ടിക ജാതി പിന്നോക്ക വിഭാഗത്തിന് ഫീസ് ഇളവ് ലഭ്യമാണ്. ജൂലൈ 24 ന് 10 മണിക്ക് നടക്കുന്ന മെറിറ്റ് സ്പോട്ട് അഡ്മിഷന് ഒർജിനൽ സർട്ടിഫിക്കറ്റുമായി അടൂർ ഭാരത് ഹിന്ദി പ്രചാര കേന്ദ്രത്തിൽ എത്തിചേരണം. കൂടുതൽ വിവരങ്ങൾക്ക്: 8547126028, 04734-296496.

## ദർഘാസ് ക്ഷണിച്ചു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്മെഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പ് സെറ്റിനായി (14 എണ്ണം) ദർഘാസ് ക്ഷണിച്ചു. ആഗസ്റ്റ് 14 വൈകിട്ട് 5 നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം 695033, ഇ-മെയിൽ: ദൃൗ.മഴൃശരഹൃ@സലൃമഹമ.ഴീ.ശി ഫോൺ: 0471-2304481.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ/ സർക്കാർ നിയന്ത്രിത/ സ്വാശ്രയ കോളേജുകളിലേക്ക് 2026-27 വർഷത്തെ ബി.എസ്സി. നഴ്സിംഗ് മറ്റ് അല്ലൈഡ് ആൻഡ് ഹെൽത്ത് കെയർ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ജൂലൈ 22 വരെ സമർപ്പിക്കാം. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ ംംം.ഹയരെലിൃേല.സലൃമഹമ.ഴീ.ശി വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ ജൂലൈ 21 വരെ ഒടുക്കാം. ജനറൽ, എസ്.ഇ.ബി.സി, എന്നീ വിഭാഗക്കാർക്ക് 800 രൂപയും പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ്. പ്രോസ്സ്പെക്ടസ്സ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ പ്ലസ് ടു/ ഹയർ സെക്കന്ററി പരീക്ഷയിലോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയിലോ രണ്ടാം വർഷത്തിൽ അപേക്ഷാർത്ഥിക്കു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ് ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് അപേക്ഷാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361, 362, 363, 364.

## വിദ്യാഭ്യാസാനുകൂല്യത്തിന് അപേക്ഷിക്കാം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2026-27 വർഷത്തെ വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ റഗുലർ കോഴ്സിനു ഉപരി പഠനം നടത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾ കോഴ്സിൽ പ്രവേശനം കിട്ടി 60 ദിവസത്തിനകം വിദ്യാഭ്യാസാനുകൂല്യത്തിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കണം. സെപ്റ്റംബർ 30 വരെ ആനുകൂല്യ അപേക്ഷ സ്വീകരിക്കും. അപേക്ഷയോടൊപ്പം ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. http://services.unorganisedwssb.org/index.php/home ൽ ഓൺലൈനായിട്ട് അപേക്ഷിക്കണം. അപേക്ഷയോടൊപ്പം അംഗത്വ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് (IFSC Code സഹിതം) എന്നിവയുടെ പകർപ്പ്, വിദ്യാഭ്യാസ മേലധികാരിയുടെ സാക്ഷ്യപത്രം എന്നിവ സമർപ്പിക്കണം.

## തൊഴിൽ അധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എൽ.ബി.എസ്സ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ് വെയർ), കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് & ജിഎസ്ടി യൂസിങ് ടാലി (പ്രൈം), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ അഡ്മിഷൻ ആരംഭിച്ചു. എസ്.സി/ എസ്.ടി/ ഒ.ഇ.സി/ ഒ.ബി.സി (എച്ച്) വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ഫീസ് ഇളവ് ആനുകൂല്യം ലഭിക്കും. വിശദ വിവരങ്ങൾക്ക്: ഫോൺ: 0471-2560333/ 9995005055.

# വിഴിഞ്ഞത്തെ പ്ലാസ്റ്റിക് മാലിന്യനീക്കം മുടങ്ങി

വിഴിഞ്ഞം: എൽസ മൂന്നിൽനിന്നു കരക്കെത്തിച്ച മാലിന്യച്ചാക്കുകൾ വാരാൻ ഒടുവിൽ ബന്ധപ്പെട്ട ഏജൻസി അധികൃതരെത്തി. കടലിൽനിന്നു വള്ളങ്ങളിൽ എത്തിച്ചതിനു നഷ്ടപരിഹാരം വേണമെന്ന് മത്സ്യത്തൊഴിലാളികൾ. ലോറിയിൽ കയറ്റിയ പ്ലാസ്റ്റിക് ചാക്കുകൾ തിരികെയിറക്കിയ ഏജൻസി ജീവനക്കാർ മടങ്ങിപ്പോയി.

വിഷയം ജില്ലാ കളക്ടറുടെ കൺട്രോൾ റൂമിൽ റിപ്പോർട്ട് ചെയ്ത റവന്യൂ ഉദ്യോഗസ്ഥർ, തീരത്ത് അനാഥമായിക്കിടക്കുന്ന ചാക്കുകെട്ടുകളെ എന്തു ചെയ്യണമെന്നറിയാതെ നട്ടം തിരിയുകയാണ്. കസ്റ്റംസ് ക്ലിയറൻസ് വേണ്ട വസ്തുക്കളെ അംഗീകൃത ഏജൻസിക്ക് മാത്രമേ കൈകാര്യം ചെയ്യാനാകുവെന്നു ബന്ധപ്പെട്ടവർ പറയുന്നു.

പാരിസ്ഥിതിക പ്രശ്നത്തിനു വഴിതെളിക്കുമെന്നതിനാൽ ഇവ എത്രയും വേഗം മാറ്റേണ്ടതുണ്ട്. ഇക്കഴിഞ്ഞ ചൊവ്വാഴ്ച എൽസാ മൂന്നിൽ നിന്നുള്ള കണ്ടെയ്നർ തകർന്നു കടലിലൂടെ ഒഴുകി നടന്ന പ്ലാസ്റ്റിക്ക് തരികൾ നിറഞ്ഞ 150 ചാക്കുകളാണ് അധികൃതർക്ക് വിനയായി രിക്കുന്നത്. മത്സ്യബന്ധത്തിനു പോയ തൊഴിലാളികൾ അവരുടെ വള്ളങ്ങളിൽ കരയിൽ എത്തിച്ച ചാക്കുകൾ റവന്യൂവകുപ്പ് അധികൃതരും പോലീസും ചേർന്ന് കണക്കെടുത്തശേഷം കളക്ടർക്ക് റിപ്പോർട്ടും നൽകി തീരത്ത് അടുക്കിവയ്ക്കുകയാ യിരുന്നു.

ഇന്നലെ ഉച്ചയോടെ കരയിൽ അടുക്കി വച്ചിരുന്ന ചാക്കുകൾ എറ്റെടുത്ത് കൊണ്ടുപോകാണ് എംഎസ്സി കമ്പനി ചുമതലപ്പെടുത്തിയ മെർക്ക് എന്ന ഏജൻസി അധികൃതർ എത്തിയത്. ചാക്കുകൾ വാഹനത്തിൽ കയറ്റി കൊണ്ടുപോകാൻ ആരംഭിച്ച സമയത്ത് കൂലി ആവശ്യപ്പെട്ട് ഒരു കൂട്ടം മത്സ്യത്തൊഴിലാളികൾ വാഹനം തടഞ്ഞത്. തുടർന്നു മത്സ്യതൊഴിലാളികളുമായി മെർക്ക് കമ്പിനി അധികൃതർ റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയെങ്കിലും പരാജപ്പെട്ടു. ഇതോടെ വാഹനത്തിൽ കയറ്റിയ ചാക്കു കെട്ടുകൾ തിരിച്ചു കടപ്പുറത്ത് ഇറക്കിവച്ചശേഷം അധികൃതർ മടങ്ങി.

2025 മേയ് 24 നാണു വിഴിഞ്ഞത്തുനിന്നു കൊച്ചിക്കു പോയ എൽസാ മൂന്ന് ലക്ഷ്യസ്ഥാനത്തെത്തുന്നതിനു മുൻപ് അപകടത്തിൽപ്പെട്ടത്. 25ന് ഉൾക്കടലിൽ താഴ്ന്ന കപ്പലിലെ കണ്ടെയ്നറുകളിൽ ചിലത് തകർന്ന് ഉള്ളിലുണ്ടായിരുന്ന വസ്തുക്കൾ കടലിലൂടെ ഒഴുകിയിരുന്നു . ഒരു വർഷത്തിന് ശേഷമെത്തിയ മാലിന്യങ്ങളാണ് ഇപ്പോഴത്തെ തലവേദന.

## യുവാവിനെ കൊലപ്പെടുത്തിയ സംഭവം മൂന്നു പ്രതികളെയും എത്തിച്ചു തെളിവെടുത്തു

പൂവാർ: കാഞ്ഞിരംകുളം കണ്ണറവിള വാറുവിളാകം വടക്കരിക്കത്ത് വീട്ടിൽ മനുവിനെ (22) കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിൽ ജയിലിലായിരുന്ന മൂന്നുപ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് നടത്തി.

കണ്ണറവിള കണ്ണറകോണം അമ്പാടി ഹൗസിൽ ബിജു (43), മക്കളായ മിഥുൻ (21), വിജിൻ (18) എന്നിവരെയാണ് കാഞ്ഞിരംകുളം പോലീസ് മൂന്നു ദിവസത്തെ കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പു നടത്തിയത്. വ്യാഴ്യാഴ്ച്ച ഉച്ചയോടെ മൂന്നു പ്രതികളെയും മൂ ന്നുദിവസം പോലീസ് കസ്റ്റഡിയിൽ വാങ്ങിയിരുന്നു. വെള്ളിയാഴ്ച രാവിലെ പത്തോ ടെ ഒന്നാം പ്രതി വിജിനെ, മ നുവിനെ കൊലചെയ്ത സ്ഥലത്തെത്തിച്ചു കൊലപ്പെടുത്താൻ ഉപയോഗിച്ച ആയുധത്തിനായി തെരച്ചിൽ നടത്തിയെങ്കിലും കിട്ടിയില്ല.

തുടർന്ന് ഇന്നലെ രാവിലെ മൂന്നുപേരെയും വീണ്ടും ഇവിടെയെത്തിച്ച് ഇവരുടെ വീട് മുഴുവൻ പരിശോധിച്ചെങ്കിലും ആയുധം ഒളിപ്പിച്ച സ്ഥലം എവിടെയെന്നും കണ്ടെത്താൻ പോലീസിന് കഴിഞ്ഞില്ല.

പ്രതിപ്പട്ടികയിലെ പ്രായപൂർത്തിയാകാത്ത ഒരാൾ ജുവനൈൽ കസ്റ്റഡിപ്രകാരം ഒബ്സർവേഷൻ ഹോമിലാണ്. ഇക്കഴിഞ്ഞ അഞ്ചിനു രാത്രിയിൽ ബൈക്ക് റേസിംഗിനെ ചൊല്ലി യുവാക്കൾ തമ്മിലുണ്ടായ തർക്കമാണ് കൊലപാതകത്തിലേക്കു നയിച്ചത്. മരണപ്പെട്ട മനുവും കൂട്ടരും അറസ്റ്റിലായ പ്രതികളുടെ കുഴിപ്പള്ളം കണ്ണറക്കോണം അമ്പാടി ഹൗസിനു മുന്നിൽ എത്തിയതാണ് കൊലപാതകത്തിലേക്ക് നയിച്ചത്. അമ്പാടിയുടെ കൈയിലുണ്ടായിരുന്ന കത്തി ഉപയോഗിച്ച് മനുവിനെ പുറകിൽനിന്നും വാരിയെല്ലിനു കുത്തിപ്പരിക്കേൽ പ്പിക്കുകയായിരുന്നു. ഡോഗ് സ്കോഡും സ്ഥലത്തെത്തി പരിശോധിച്ചിരുന്നു.

കുഴിപ്പള്ളത്തെ കനാലിലെ പൊന്തക്കാട്ടിനുള്ളിലേക്ക് കത്തിയെറിഞ്ഞുവെന്നാണ് പ്രതി ആദ്യം പോലീസിനോട് പറഞ്ഞത്. കനാലിലും പൊന്തക്കാട്ടിലും നാട്ടുകാരുടെ സഹായത്തോടെ പോലീസ് പരിശോധന നടത്തിയെങ്കിലും തൊണ്ടി കണ്ടെത്താനായില്ല. കാഞ്ഞിരംകുളം എസ്എച്ച്ഒ ജയകുമാർ, എസ് ഐ എസ്.എസ്. ഷിജു, ഗ്രേഡ് എസ്ഐ രതീഷ് എന്നിവരുൾപ്പെട്ട പോലീസ് സംഘമാണ് തെളിവെടുത്തത്.

## നിർത്തിയിട്ടിരുന്ന ലോറിയിൽ ട്രാവലർ ഇടിച്ചു; ഒരാൾക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: നിർത്തിയിട്ടിരുന്ന ലോറിയിൽ ട്രാവലർ ഇടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. കിളിമാനൂർ പാപ്പാല പെട്രോൾ പമ്പിന് സമീപത്തുവച്ചുണ്ടായ അപകടത്തിൽ രണ്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു.

ഇവരുടെ നില അതീവ ഗുരുതരമാണെന്നും മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ലെന്നും പോലീസ് പറഞ്ഞു. തൃശൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് കളിപ്പാട്ടങ്ങളുമായി വരികയായിരുന്ന ടെമ്പോ ട്രാവലറാണ് അപകടത്തിൽപ്പെട്ടത്.

## ഓട്ടിസം ബാധിതനായ യുവാവിന് ക്രൂരമർദനം; 'ബംഗാളി' എന്ന് വിളിച്ച് ആക്രമിച്ചതായി പരാതി

ചേർത്തല: ആലപ്പുഴ ചേർത്തലയിൽ ഓട്ടിസം ബാധിതനായ ഇരുപത്തിയാറുകാരനെ സമീപവാസി പട്ടിക കൊണ്ട് മർദിച്ചതായി പരാതി. ശരീരമാസകലം പരിക്കേറ്റ യുവാവിനെ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചേർത്തല നഗരസഭ 19ാം വാർഡ് ആഞ്ഞലി പാലത്തിന് സമീപം പുത്തൻതോട്ടുകയിൽ പരേതനായ അജിയുടെയും മായയുടെയും മകൻ അഭിജിത്തിനാണ് മർദനമേറ്റത്.

ഞായറാഴ്ച രാവിലെ പത്ത് മണിയോടെയായിരുന്നു സംഭവം. മായ വീട്ടുജോലിക്ക് പോയ സമയത്ത് പിതാവിൻറെ സഹോദരിയുടെ വീട്ടിൽ പോയി ഭക്ഷണം കഴിച്ച് മടങ്ങിവരുമ്പോഴാണ് അഭിജിത്തിനെ വഴിയിൽ തടഞ്ഞുനിർത്തി ആക്രമിച്ചത്. സമീപവാസിയായ ജയേഷ് എന്ന വ്യക്തിക്കെതിരെയാണ് കുടുംബം പരാതി നൽകിയിരിക്കുന്നത്. സംസാരിക്കാൻ ബുദ്ധിമുട്ടുള്ള ആളാണെന്നും ഓട്ടിസം ബാധിതനാണെന്നും വ്യക്തമായിട്ടും പ്രതി യാതൊരു ദയയും കാണിച്ചില്ലെന്ന് അഭിജിത്തിൻറെ അമ്മ മായ ആരോപിക്കുന്നു. 'ബംഗാളി' എന്ന് വിളിച്ചുകൊണ്ടായിരുന്നു ആക്രമണം. പട്ടിക കൊണ്ട് ഇടത് കൈമുട്ടിനും മുതുകിനും ക്രൂരമായി മർദിച്ചതിനെ തുടർന്ന് യുവാവിന് ശരീരമാസകലം പരിക്കേറ്റിട്ടുണ്ട്.

ആക്രമണത്തിന് ഇരയായ അഭിജിത്തിനെ ആദ്യം ചേർത്തല താലൂക്ക് ആശുപത്രിയിലും പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി വണ്ടാനം മെഡിക്കൽ കോളേജിലേക്കും മാറ്റുകയുമായിരുന്നു. സംഭവത്തിൽ കുടുംബത്തിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ ചേർത്തല പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## സിക്കിം തുരങ്കത്തിലെ മണ്ണിടിച്ചിൽ: മരണം ഏഴ് ആയി

നാംചി: സിക്കിം തുരങ്കപാതയിലുണ്ടായ മണ്ണിടിച്ചിലിൽ മരണം ഏഴ് ആയി. തുരങ്കത്തിനുള്ളിൽ കുടുങ്ങിയ 20 തൊഴിലാളികളെ പുറത്തെത്തിക്കാനുള്ള രക്ഷാപ്രവർത്തനം തുടരുകയാണ്.

മീഥെയ്ൻ ചോർച്ച രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാകുന്നുണ്ട്. നാംസി ജില്ലയിലെ സമ്മർദുംഗ് തുരങ്കത്തിലായിരുന്നു തിങ്കളാഴ്ച അപകടമുണ്ടായത്.

തിങ്കളാഴ്ച ഉച്ചകഴിഞ്ഞായിരുന്നു സംഭവം. റോഡ് നിർമാണത്തിന്റെ ഭാഗമായി തുരങ്കമുണ്ടാക്കുന്നതിനിടെയാണ് അപകടമുണ്ടായത്. ദേശീയ സംസ്ഥാന ദുരന്ത നിവാരണ സേനകളടക്കം സംഘങ്ങൾ സ്ഥലത്തെത്തിയാണ് രക്ഷാപ്രവർത്തനം തുടരുന്നത്. കുടുങ്ങിക്കിടക്കുന്ന തൊഴിലാളികൾക്ക് അടുത്തേക്ക് എത്താൻ ശ്രമിക്കുന്നതിനിടെ നിരവധി രക്ഷാപ്രവർത്തകർക്ക് തലകറക്കം അനുഭവപ്പെടുകയും ബോധം നഷ്ടപ്പെടുകയും ചെയ്തിരുന്നു.

## സർട്ടിഫിക്കറ്റ് ഹാജരാക്കണം

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തൊഴിലിനും വിദ്യാഭ്യാസത്തിനും 10 ശതമാനം സംവരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിൻമേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ ആനുകൂല്യം ലഭിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ ആയതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള അധികാരികളിൽ നിന്നും ലഭ്യമാക്കി അടിയന്തരമായി അവരവരുടെ രജിസ്ട്രേഷൻ നിലനിൽക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരാക്കണം. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളുയെന്ന് ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു.

## സ്കോൾ-കേരള; പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിക്കാം

സ്കോൾ-കേരള മുഖേനയുള്ള ഹയർ സെക്കണ്ടറി കോഴ്സുകളിൽ 2026-28 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്പെഷ്യൽ കാറ്റഗറി (പാർട്ട് കകക) എന്നീ വിഭാഗങ്ങളിലേക്കുള്ള ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയിൽ ഉപരിപഠനയോഗ്യതയോ അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ കോഴ്സിൽ ഉപരിപഠന യോഗ്യതയോ നേടിയവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല.

ജൂലൈ 22 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴ കൂടാതെ ആഗസ്റ്റ് 14 വരെയും, 60 രൂപ പിഴയോടെ ആഗസ്റ്റ് 31 വരെയും ഫീസടച്ച്, ംംം.രെീഹലസലൃമഹമ.ീൃഴ ലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ അതത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ടോ, സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ അയച്ചു കൊടുക്കണം. ജില്ലാകേന്ദ്രങ്ങളുടെ മേൽ വിലാസം സ്കോൾ-കേരള വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാന ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിവരങ്ങൾക്ക്: 0471-2342950, 2342271, 2342369.

## എംപി എവിടെയെന്ന ചോദ്യത്തിന് മറുപടി; പ്രിയങ്ക ഗാന്ധി വെള്ളിയാഴ്ച വയനാട്ടിൽ

കൽപ്പറ്റ: മണ്ണിടിച്ചിൽ ദുരന്തമുണ്ടായ കള്ളാടി സന്ദർശിക്കാൻ പ്രിയങ്ക ഗാന്ധി വെള്ളിയാഴ്ച വയനാട്ടിലെത്തും. ദുരന്തഭൂമി സന്ദർശിക്കുന്നതിനൊപ്പം അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെയും എംപി നേരിൽ കാണും. ദുരന്തം നടന്ന് ആഴ്ചകൾ പിന്നിട്ടിട്ടും പ്രിയങ്ക ഗാന്ധി സ്ഥലം സന്ദർശിക്കാത്തതിനെതിരെ ബിജെപിയും സിപിഎമ്മും ശക്തമായ പ്രതിഷേധം ഉയർത്തിയിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് മാത്രം എത്തുന്നവരാണ് ഇവരെന്നും ദുരിതബാധിതരെ പൂർണമായി അവഗണിച്ചെന്നുമായിരുന്നു ആരോപണം. ഇതിനു പിന്നാലെയാണ് എംപിയുടെ സന്ദർശനം. കഴിഞ്ഞ എട്ടിനാണ് കള്ളാടി തുരങ്കപാത നിർമാണ മേഖലയോട് ചേർന്ന് മീനാക്ഷി പാലത്തിന് സമീപം മണ്ണിടിച്ചിലുണ്ടായത്. അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും നിർമാണ കമ്പനി നഷ്ടപരിഹാരം നൽകുമെന്ന് മന്ത്രി ടി. സിദ്ദിഖ് അറിയിച്ചിരുന്നു

## ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും ടീച്ചിംഗ് ആശുപത്രികളാക്കി ഉത്തരവിറക്കി

തിരുവനന്തപുരം: തിരുവനന്തപുരം ജനറൽ ആശുപത്രിയും തെക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പുതുതായി ആരംഭിക്കുന്ന കെ. കരുണാകരൻ മെമ്മോറിയൽ മെഡിക്കൽ കോളജിൻറെ ടീച്ചിംഗ് ആശുപത്രികളായി അനുവദിച്ച് സർക്കാർ ഉത്തരവിറക്കി.

മെഡിക്കൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി, തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും (അവയുടെ ഭൂമി, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ) സർക്കാർ മെഡിക്കൽ കോളേജിനോട് കൂട്ടിച്ചേർത്തിരിക്കുന്നു.

നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും ജോലി ചെയ്യുന്ന ആരോഗ്യ ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ ഡോക്ടർമാരും 'ഡീംഡ് ഡെപ്യൂട്ടേഷൻ' വ്യവസ്ഥയിൽ പുതിയ മെഡിക്കൽ കോളേജിൽ തുടർന്നും ജോലി ചെയ്യും.

പുതിയ മെഡിക്കൽ കോളജിൻറെ ഭരണനിർവഹണം സംബന്ധിച്ച തുടർ ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

## വെസ് സ്ട്രീറ്റിംഗ് യുകെ പ്രതിരോധ മന്ത്രി; പ്രഖ്യാപനവുമായി ആൻഡി ബേർനാം

ലണ്ടൻ: ബ്രിട്ടൻറെ പുതിയ പ്രതിരോധ മന്ത്രിയായി വെസ് സ്ട്രീറ്റിംഗിനെ നിയമിച്ചു. പുതിയ പ്രധാനമന്ത്രി ആൻഡി ബേർനാമാണ് മുൻ ആരോഗ്യ മന്ത്രി കൂടിയായ വെസ് സ്ട്രീറ്റിംഗിനെ പ്രതിരോധ സെക്രട്ടറിയായി (പ്രതിരോധ മന്ത്രി) പ്രഖ്യാപിച്ചത്. തിങ്കളാഴ്ച വൈകുന്നേരത്തോടെയാണ് പുതിയ മന്ത്രിസഭാംഗങ്ങളുടെ നിയമനം സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനമുണ്ടായത്.

മുൻ പ്രധാനമന്ത്രി കെയർ സ്റ്റാർമറിലുള്ള വിശ്വാസം നഷ്ടപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി കഴിഞ്ഞ മേയിലാണ് വെസ് സ്ട്രീറ്റിംഗ് ആരോഗ്യ മന്ത്രിസ്ഥാനം രാജിവച്ചത്. ഭരണകക്ഷിയായ ലേബർ പാർട്ടിയുടെ നേതൃസ്ഥാനത്തേക്ക് ആൻഡി ബേർനാമിനെതിരെ മത്സരിക്കാൻ ആദ്യം പദ്ധതിയിട്ടിരുന്നെങ്കിലും പിന്നീട് അദ്ദേഹം അതിൽ നിന്ന് പിന്മാറുകയായിരുന്നു.

## താൽക്കാലിക ഒഴിവ്

പാലക്കാട് ജില്ലയിലെ ഒരു സംസ്ഥാന സർക്കാർ സ്ഥാപനത്തിൽ ഓപ്പൺ വിഭാഗത്തിൽ വനിതകൾക്കായി സംവരണം ചെയ്ത കേസ് വർക്കർ തസ്തികയിൽ ഒരു താത്കാലിക ഒഴിവുണ്ട്. നിയമം/സോഷ്യൽവർക്ക്/സോഷ്യോളജി/സോഷ്യൽ സയൻസ്/സൈക്കോളജി എന്നീ വിഷയങ്ങളിലേതിലെങ്കിലും അംഗീകൃത സർവ്വകലാശാലാ ബിരുദവും, 3 വർഷത്തെ പ്രവൃത്തിപരിചയവും ഉള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രതിമാസ ശമ്പളം 28000 രൂപ. പ്രായപരിധി 01/01/2026 ന് 25 നും 45 നും മദ്ധ്യേ. തത്പരരായ ഉദ്യോഗാർത്ഥികൾ 2026 ജൂലൈ 22 നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ്.

## ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

2026-27 ലെ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സിന്റെ പ്രവേശനവുമായി ബന്ധപ്പെട്ടു ജൂലൈ 19ന് നടത്തുന്ന കേരള ഹോട്ടൽ മാനേജ്മെൻറ് ആപ്റ്റിട്യൂട് ടെസ്റ്റിന്റെ ഹാൾ ടിക്കറ്റ് www.lbscentre.kerala.gov.in ലെ ലോഗിൻ വഴി ഡൗൺലോഡ് ചെയ്യാം. കൂടുതൽവിവരങ്ങൾക്ക്: 0471-2324396, 2560327.

# സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് 389 തസ്തികകൾ

## എക്സൈസ് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഉത്തരവിറക്കി

സംസ്ഥാനത്ത് മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ കൂടുതൽ ഫലപ്രദമായി തടയുന്നതിനും അന്വേഷിക്കുന്നതിനുമായി എക്സൈസ് വകുപ്പിന് കീഴിൽ രൂപീകരിച്ച കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനത്തിനായി എക്സൈസ് വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചും അധിക ചുമതല നൽകിയും സർക്കാർ ഉത്തരവിറക്കി.

പുതിയ തസ്തികകൾ സൃഷ്ടിക്കാതെയാണ് 367 തസ്തികകൾ പുനർവിന്യസിക്കുകയും 22 തസ്തികകൾക്ക് അധിക ചുമതല നൽകുകയും ചെയ്ത് ആകെ 389 തസ്തികകളോടെ ബ്യൂറോയുടെ പ്രവർത്തനം ആരംഭിക്കാൻ അനുമതി നൽകിയിരിക്കുന്നത്.

ബ്യൂറോയുടെ ആസ്ഥാനം തിരുവനന്തപുരം എക്സൈസ് കമ്മിഷണറേറ്റിലായിരിക്കും. എക്സൈസ് കമ്മിഷണർ സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ തലവനായി പ്രവർത്തിക്കും. അഡീഷണൽ എക്സൈസ് കമ്മിഷണർ (അഡ്മിനിസ്ട്രേഷൻ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക് ബ്യൂറോയിലും സമാന അധിക ചുമതലകൾ നൽകും.

ഓപ്പറേഷൻസ്, ഇന്റലിജൻസ്, റിസർച്ച് ആൻഡ് അനാലിസിസ്, സൈബർ ഇന്റലിജൻസ് ആൻഡ് സൈബർ ഓപ്പറേഷൻസ് എന്നീ നാല് പ്രധാന വിംഗുകളും ഓരോ ജില്ലയിലും ഓപ്പറേഷൻസ്, ഇന്റലിജൻസ് യൂണിറ്റുകളും പ്രവർത്തിക്കും. സൈബർ സുരക്ഷ, ഡിജിറ്റൽ ഫോറൻസിക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ വിദഗ്ധരുടെ സന്നദ്ധ ശൃംഖല രൂപീകരിക്കാനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എക്സൈസ് ഉദ്യോഗസ്ഥരുടെ പുനർവിന്യാസം അടിയന്തരമായി പൂർത്തിയാക്കി സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ എക്സൈസ് കമ്മിഷണർക്ക് സർക്കാർ നിർദേശം നൽകി.

## ഡൽഹിയിൽ പതിനൊന്നാം ക്ലാസുകാരനെ കുത്തിക്കൊന്നു; രണ്ട് പേർ പിടിയിൽ

ന്യൂഡൽഹി: ഡൽഹി കാൽക്കാജിയിൽ വിദ്യാർഥികൾ തമ്മിലുണ്ടായ തർക്കത്തെ തുടർന്ന് 19കാരനായ പതിനൊന്നാം ക്ലാസ് വിദ്യാർഥിയെ കുത്തിക്കൊലപ്പെടുത്തി. സംഭവവുമായി ബന്ധപ്പെട്ട് രണ്ടുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

കാൽക്കാജിയിലെ എംസിഡി പ്രൈമറി കോഎഡ് സ്കൂളിലെ വിദ്യാർഥിയായ സയ്യദ് ഹുസൈൻ (19) ആണ് കൊല്ലപ്പെട്ടത്. തിങ്കളാഴ്ച ഉച്ചയ്ക്ക് രണ്ടരയോടെ കാൽക്കാജി ബി ബ്ലോക്ക് ഡിഡിഎ ഫ്ലാറ്റിന് സമീപമുള്ള പാർക്കിൽ വെച്ച് വിദ്യാർഥികൾ തമ്മിൽ തർക്കമുണ്ടായതായി കാണിച്ച് പോലീസിന് വിവരം ലഭിക്കുകയായിരുന്നു. പോലീസ് സ്ഥലത്തെത്തിയപ്പോൾ ഗുരുതരമായി കുത്തേറ്റ നിലയിലാണ് സയ്യദിനെ കണ്ടെത്തിയത്.

ഉടൻ തന്നെ ആംബുലൻസ് ജീവനക്കാർ പ്രഥമശുശ്രൂഷ (സി.പി.ആർ) നൽകി വിദ്യാർത്ഥിയെ എയിംസ് ട്രോമ സെന്ററിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിലെത്തിക്കുമ്പോഴേക്കും സയ്യദ് മരിച്ചിരുന്നതായി പോലീസ് അറിയിച്ചു. സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.